.I ഇ.ബി. XIII – കേരള നിയമസഭ/VI - 9

# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

അടിയന്തര പ്രമേയം

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

മി. സ്പീക്കർ: നടപ്പുസാമ്പത്തികവർഷം തീരാൻ മൂന്നുമാസം മാത്രം ശേഷിക്കെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം പോലും പൂർത്തീകരിക്കാൻ പറ്റാതെ, പദ്ധതി നിർവ്വഹണമാകെ സ്തംഭനാവസ്ഥയിലായിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണ മെന്നാവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ വി.എസ്. സുനിൽകുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ.ശശീന്ദ്രൻ

എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ **50** അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എൺപത്തി ഒന്ന് ശതമാനം പ്രോജക്ടുകളും വെറ്റ് ചെയ്യുകയും വിവരങ്ങൾ ഐ.കെ.എം.-ന്റെ സോഫ്റ്റ് വെയറിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം **158027** പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്യുകയും **149215** പ്രോജക്ടുകൾ വെറ്റ് ചെയ്യുകയും ഇംപ്ലിമെന്റേഷൻ ആരംഭിക്കുകയും അത് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അധികാരവികേന്ദ്രീകരണം സാക്ഷാത്കരിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം നല്ല രീതിയിലുള്ള പദ്ധതിനിർവ്വഹണം നടത്താൻ സാധിക്കും.

ഡോ. ടി.എം. തോമസ് ഐസക്: ജനുവരി **9**-ന് മുമ്പായി അടുത്ത വർഷത്തെ പദ്ധതികൾ അംഗീകരിക്കുമെന്ന് കഴിഞ്ഞ സഭയിൽ പറഞ്ഞിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ മേൽത്തട്ട് സ്ഥാപനങ്ങളുടെ പദ്ധതികൾ ഭൂരിഭാഗവും അംഗീകരിച്ചിട്ടില്ല. ആകെ ചെലവഴിച്ചത് അഞ്ച് ശതമാനം പണം മാത്രമാണ്. അത് പൂരകപോഷകാഹാരം തുടങ്ങിയ പദ്ധതികൾക്കാണെന്നും ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ മറുപടി തന്നിട്ടുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങളിൽ ഇളവുവരുത്തുകയും അവ ഡി.പി.സി പരിശോധിക്കേണ്ടതില്ലെന്ന് ഉത്തരവ് ഇറക്കുകയും ചെയ്തിരിക്കു

കയാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതി ഉൾപ്പെടെയുള്ള വിവിധ പാർപ്പിട പദ്ധതികൾക്ക് മതിയായ തുക വകയിരുത്തിയിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം പദ്ധതി അടങ്കൽ ക്രമാതീതമായി വർദ്ധിക്കുന്നു. പദ്ധതി രേഖകൾ പരിശോധിക്കാതെയും ആസൂത്രണമില്ലാതെയുമാണ് പദ്ധതികൾ അംഗീകരിക്കുന്നത്. എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിക്കാതെയാണ് പദ്ധതികൾ അനുവദിക്കുന്നത്. അഞ്ച് ലക്ഷം രൂപയ്ക്കുള്ളിൽ വരുന്ന പദ്ധതികളെ ടെന്റർ നടപടികളിൽനിന്നും ഒഴിവാക്കിയിരിക്കുന്നത് വൻ അഴിമതികൾക്ക് വഴിയൊരുക്കും. പദ്ധതി രേഖകൾ ഡി.പി.സി.-യെക്കൊണ്ട് പരിശോധിപ്പിച്ച് അംഗീകരിപ്പിക്കുകയും തുക പദ്ധതി അടങ്കലിന് ഉള്ളിലാണെന്ന് ഉറപ്പുവരുത്തുകയും വേണം. അത്യന്തം ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം.കെ.മുനീർ): 2011 മാർച്ച് മാസത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഡി.പി.സി. വരുത്തിയിട്ടുള്ള വീഴ്ചകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഡി.പി.സി.-ക്ക് ലഭിച്ച അധികാരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടണം. ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ മോണിട്ടർ ചെയ്യാനുള്ള അധികാരം ഡി.പി.സി-ക്ക് നൽകിയിട്ടുണ്ട്. വെറ്റ് ചെയ്യുന്ന പ്രോജക്ടുകൾ ഡി.പി.സി.-യാണ് പരിശോധിക്കുന്നത്. അടുത്ത വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ ഫെബ്രുവരി മാസത്തിൽത്തന്നെ അപ്ലോഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബഡ്ജറ്റിനോടൊപ്പം പ്രോജക്ടുകൂടി അവതരിപ്പിക്കുന്ന

സാഹചര്യത്തിൽ എത്തിയിട്ടുള്ളതിനാൽ കൂടുതൽ തുക ചെലവഴിക്കുന്ന അവസ്ഥയുണ്ടാകും. ഇ.എം.എസ്., ഐ.എ.വൈ. പദ്ധതികളിൽപ്പെട്ട വീടുകളുടെ അധിക ബാദ്ധ്യത പഞ്ചായത്തുകൾക്ക് വരികയോ ഭവന പദ്ധതികൾ നഷ്ടപ്പെടുന്ന സാഹചര്യമോ ഉണ്ടാകില്ല. പോഷകാഹാര വിതരണത്തിനുള്ള വിഹിതം നൽകുന്നതിൽനിന്നും ബ്ലോക്ക് പഞ്ചായത്തുകളെ ഒഴിവാക്കിയിട്ടുണ്ട്. എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിതരണത്തിൽ മാറ്റം വരുത്തുന്നതാണ്. ഗ്രാമസഭകളെടുക്കുന്ന തീരുമാനം യാഥാർത്ഥ്യമാകുകയും ടാഗ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷനുമായി ചർച്ച ചെയ്യുകയും മുനിസിപ്പൽ കൗൺസിലർമാരുടെയും ചെയർമാന്മാരുടെയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തശേഷമാണ് ഫണ്ട് വിതരണത്തിൽ മാറ്റം വരുത്തിയിട്ടുള്ളത്. പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിലൂടെ പഞ്ചായത്തുകളുടെ എക്സ്പെന്റിച്ചർ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായിരിക്കും. പഞ്ചായത്തുകളുടെ ആദ്യത്തെ നാലുമാസത്തിനകം ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഫണ്ട് വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, സി.ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ.അസീസ്, തോമസ്

ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## ശ്രദ്ധക്ഷണിക്കൽ

### (1) കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: കർഷകർക്ക് ആശ്വാസം നൽകുന്നതിനായി രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം അർഹതപ്പെട്ട എല്ലാ കർഷകർക്കും ലഭ്യമാക്കണം. കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ എത്രയുംവേഗം തീർപ്പ് കല്പിച്ച് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനും ഷെഡ്യൂൾഡ്/ദേശസാൽകൃത ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾകൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷൻ **18-01-2007**-ലാണ് നിലവിൽ വന്നത്. പ്രസ്തുത ആക്ട് നിലവിൽ വന്നതിനുശേഷമോ അതിനുമുമ്പോ **1969**-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണസംഘത്തിനോ ഒരു ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടംകൊടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ആളിനോ ലഭിക്കാനുള്ളതും കാർഷിക ആവശ്യ

ത്തിനോ കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ എടുത്തിട്ടുള്ളതുമായ കടങ്ങളാണ് കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. **20-02-2009** -ലെ ഉത്തരവ് പ്രകാരം കടാശ്വാസം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **31-05-2009** ആയി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭിച്ച **410549** അപേക്ഷകളിൽ 308889 അപേക്ഷകളിന്മേൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. കുടിശ്ശികയായ അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് കമ്മീഷൻ ആസ്ഥാനത്ത് തുടർച്ചയായ സിറ്റിംഗുകൾ നടത്തുന്നതിന് തീരുമാനിക്കുകയും കടാശ്വാസത്തിന് അർഹതയുള്ള അപേക്ഷകൾ തരംതിരിക്കുകയും ചെയ്യുന്നുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി എടുത്തുകളയുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. **11-09-2012**-ലെ ഉത്തരവ് പ്രകാരം കർഷകൻ ബാങ്കിൽ ഈടുവച്ചിട്ടുള്ള പ്രമാണം എത്രയുംവേഗം തിരികെ നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷനിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിന് **05-02-2011**-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മൂന്ന് അഗ്രിക്കൾച്ചറൽ ഓഫീസർമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കർഷകരുടെ **31-10-2011** വരെയുള്ള കടങ്ങൾ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## (2) സ്വാശ്രയ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സ്വാശ്രയ അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ മാനേജുമെന്റുകളുടെ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ശമ്പളം, സീനിയോറിറ്റി, നിയമപരമായ ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ അവർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അദ്ധ്യാപകർക്ക് കൃത്യമായ ശമ്പളഘടന നിർണ്ണയിക്കണമെന്നതുൾപ്പെടെയുള്ള കോടതിവിധികൾ പാലിക്കാത്ത മാനേജുമെന്റുകൾക്കെതിരെ നടപടിയെടുക്കുകയും ഈ രംഗത്തെ ദു:സ്ഥിതി അവസാനിപ്പിക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേഷൻ ലഭിക്കുന്നതിന് എൻ.ഒ.സി.-യ്ക്ക് അപേക്ഷിക്കുമ്പോൾ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുൾപ്പെടെ മാനേജുമെന്റുകൾ പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പുതുക്കി ഉത്തരവായിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ എൻ.ഒ.സി. റദ്ദാക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. 14-02-2011-ലെ ഉത്തരവ് പ്രകാരം അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ.യുടെ അംഗീകാരമുള്ള കോളേജുകളിൽ അദ്ധ്യാപകർ ഉൾപ്പെടെയുള്ള അക്കാദമിക്

സ്റ്റാഫിന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അൺഎയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്ന തിനുള്ള അധികാരം ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാല വൈസ് ചാൻസലർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റിക്കാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയ്ക്ക് നിയതമായ മാനദണ്ഡ ങ്ങളുണ്ടാക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിച്ചി ട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട സംഘടനക ളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

**സബ്മിഷൻ**

**(1) <u>നിലം നികത്തി സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച്</u>**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇടുക്കി ജില്ല യിലെ തൊടുപുഴയിൽ സ്റ്റേഡിയം നിർമ്മിക്കാനെന്ന വ്യാജേന കേരള ക്രിക്കറ്റ് അസോസിയേഷൻ വാങ്ങിയ നെൽവയൽ ഉൾപ്പടെയുള്ള പത്തര ഏക്കർ സ്ഥലം നിയമ വിരുദ്ധമായി നികത്താതിരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ സർവ്വേ നമ്പർ 76/1 മുതൽ 76/5 വരെയുള്ള സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി നെൽവയൽ നികത്തുന്നതിനുള്ള അനുമതി ക്കായി കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി സമർപ്പിച്ച അപേക്ഷ

പരിഗണിക്കേണ്ടതില്ലെന്നും സ്റ്റേഡിയം നിർമ്മിക്കാൻ പകരം കരഭൂമി കണ്ടെ ത്തേണ്ടതാണെന്നുമുള്ള സംസ്ഥാനതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിരസിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സർക്കാരിലേക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൽ.ഡി.എഫ്. ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിൽ നെൽവയൽ നികത്തുന്നതിന് പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ ബാധകമാണോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (2) പറമ്പിക്കുളം - ആളിയാർ പദ്ധതി പ്രദേശത്ത് ജലം ലഭ്യമാക്കൽ

ശ്രീ. കെ. അച്ചുതൻ: പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരമുള്ള ജലം അടിയന്തരമായും ലഭ്യമാക്കുന്നതിന് തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പറമ്പിക്കുളം - ആളിയാർ എഗ്രിമെന്റ് അനുസരിച്ച് ലഭ്യമാകേണ്ട വെള്ളം കിട്ടുന്നതിനായി തമിഴ്നാട് ഗവൺമെന്റുമായി ചർച്ച നടത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. തമിഴ്നാട് വെള്ളം റിലീസ് ചെയ്തു തുടങ്ങി എന്നുള്ള വിവരമാണ് അനൗദ്യോഗികമായി കിട്ടിയിട്ടുള്ളത്. തമിഴ്നാട് സർക്കാർ സഹകരിക്കുന്നി ല്ലെങ്കിൽ നിയമപരമായ നടപടികൾ സുപ്രീംകോടതിയിൽ മൂവ് ചെയ്യണമെ ന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

### (3) സദാനന്ദന് വായ്പ ലഭ്യമാകാത്തതു സംബന്ധിച്ച്

ശ്രീ. പാലോട് രവി : സ്വയംതൊഴിൽ തുടങ്ങാനുദ്ദേശിച്ച സദാനന്ദന് സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സദാനന്ദനുണ്ടായ ദുരനുഭവത്തെത്തുടർന്ന് മനുഷ്യാവകാശ കമ്മീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സംഭവം സംബന്ധിച്ച് വിശദമായി പരിശോധിച്ച് കുറ്റക്കാരായവരുടെ പേരിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (4) പ്രദീപ് രാജിനെ കാണാതായ സാഹചര്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന് : കാസർഗോഡ് സ്വദേശി പ്രദീപ് രാജിന്റെ തിരോധാനം സംബന്ധിച്ച് വ്യക്തത വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കാസർഗോഡ് സ്വദേശി പ്രദീപ് രാജിന്റെ തിരോധാനത്തെത്തുടർന്ന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അമേരിക്കൻ കോസ്റ്റ് ഗാർഡ് വിമാനം കടലിൽ തിരച്ചിൽ നടത്തിയെങ്കിലും വിവരങ്ങളൊന്നും ലഭ്യമായില്ല. ഇതുമായി ബന്ധപ്പെട്ട് ആക്ഷൻ കൗൺസിൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ അറിയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### (5) ഗവി ടൂറിസം കേന്ദ്രം

ശ്രീ. രാജു എബ്രഹാം : ഗവി സന്ദർശിക്കുന്നതിന് സഞ്ചാരികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് സംബന്ധിച്ച് അടിയന്തിരമായി യോഗം വിളിച്ചുകൂട്ടി പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) :ഇടുക്കിയിലെ ഗവിയിൽ വാഹനങ്ങളുടെ തിരക്കുമൂലം വന്യജീവികളുടെ സ്വൈര്യ സഞ്ചാരത്തിന് തടസ്സം നേരിട്ട സാഹചര്യത്തിൽ സുപ്രീം കോടതിയുടെ വിധിക്കനുസൃതമായി ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണം സംബന്ധിച്ച് റവന്യുവും കയറും വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**(6) സ്കൂൾ ഫുട്ബോളിന് സെപ്റ്റ് നൽകിവരുന്ന പ്രോത്സാഹനം**

ശ്രീ. ഷാഫി പറമ്പിൽ : ഫുട്ബോൾ മത്സര രംഗത്ത് മലയാളി സാന്നിധ്യം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനും പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നതിനുമായി രൂപം കൊണ്ട 'സെപ്റ്റ്' എന്ന കായിക പരിശീലന ട്രസ്റ്റിന് സാമ്പത്തിക സഹായം നൽകുന്നതിനും ഫുട്ബോൾ നഴ്സറികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ.കെ.ബി.ഗണേഷ് കുമാർ) : 'സെപ്റ്റ്' എന്ന കായിക പരിശീലന സംഘടനയുടേതുൾപ്പെടെ സ്പോർട്ട്സ് കൗൺസിൽ മുഴുവൻ ചെലവും വഹിക്കുന്ന വിഷൻ ഇൻഡ്യാ സ്കീം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയും പതിനഞ്ച് വയസ്സിൽ താഴെയുള്ള **2500**-ഓളം കുട്ടികൾക്ക് എല്ലാ ദിവസവും പരിശീലനം നൽകിവരുന്നുണ്ട്. കുട്ടികൾക്ക് ഫുട്ബോൾ കളിയിൽ പ്രാഥമിക ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടി കൊടുങ്ങല്ലൂരിൽ ഫുട്സോൾ എന്ന സംവിധാനം കൊണ്ടുവരാനും സെപ്റ്റ്-ന് നൂറ് ഫുട്ബോളുകൾ വാങ്ങി നൽകാനും തീരുമാനിച്ചിട്ടുണ്ട്. സ്പോർട്ട്സ്

വകുപ്പിന്റെ സാമ്പത്തിക പരിധിക്ക് യോജിക്കുന്ന നിലയിൽ സാമ്പത്തിക സഹായം നൽകുന്നതാണ്.

### (7) മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിലെ പ്രക്ഷോഭം

ശ്രീ. എളമരം കരീം : മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിൽ പുറപ്പെടുവിച്ചിരിക്കുന്ന ഗൈഡ്ലൈൻ അനുസരിച്ച് പ്രവർത്തനം നടത്താനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നതോടൊപ്പം സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാന പ്രകാരം മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

### (8) കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. മുല്ലക്കര രത്നാകരൻ : ഉത്പാദനച്ചെലവ് കൂടിയതിനെത്തുടർന്ന് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും ദുരിത ബാധിത മേഖലയിലെ കാർഷിക വിളകളെ ദുരന്ത വിളകളായി പ്രഖ്യാപിക്കാനും ചെറുകിട കർഷകരുടെ ഒരുലക്ഷം വരെയുള്ള കടങ്ങൾ എഴുതിത്തള്ളാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): നെല്ല് ഉൾപ്പെടെയുള്ള വിളകൾ ദുരന്തവിളകളാകാതിരിക്കാനുള്ള മുഴുവൻ സംരക്ഷണവും നൽകാൻ സർക്കാർ തയ്യാറാണ്. കാർഷികമേഖലയും അനുബന്ധമേഖലകളും നേരിടുന്ന വിലത്തകർച്ചയും കർഷകർ നേരിടുന്ന പ്രതിസന്ധിയും പരിഹരിക്കാനായി പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത 600

കൃഷി ഭവനുകളിലൂടെ പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കി കേര ഫെഡ് മുഖേന നാഫെഡിന് കൈമാറാനുള്ള പദ്ധതിയിൽ കൃഷിഭവനുകൾക്ക് 2 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിക്കൊണ്ട് കിലോയ്ക്ക് 14 രൂപ നിരക്കിലാണ് സംഭരണം നടത്തുന്നത്. നെൽകർഷകരെ രക്ഷിക്കാൻ താങ്ങുവില പദ്ധതിപ്രകാരമുള്ള സംഭരണവും കാർഷികോൽപ്പന്നങ്ങൾ 6 മൊത്തവ്യാപാര വിപണികളിലൂടെ ലേലം നടത്തി വിപണനം ചെയ്യാനുള്ള പദ്ധതിയും നടപ്പാക്കിവരുന്നു. കർഷകരുടെ താൽപ്പര്യാർത്ഥം ഓരോ വിപണിയോടനുബന്ധിച്ചും ഇപ്പോൾ പ്രവർത്തിക്കുന്ന കർഷക ഗ്രൂപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി വെളിച്ചെണ്ണയുടെ പ്രതിസന്ധി പരിഹരിക്കുന്നതാണ്.

**(9) ആനത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും**

ശ്രീ. ബാബു എം. പാലിശ്ശേരി: ആനത്തൊഴിലാളികൾക്ക് ക്ഷേമ നിധിയും പെൻഷനും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ആനത്തൊഴിലാളികളുടെ എണ്ണം കുറവായതുകൊണ്ട് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

**(10) ബീഡി വ്യവസായത്തിലെ പ്രശ്നങ്ങൾ**

ശ്രീ. കെ. കെ. നാരായണൻ: കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ബീഡിത്തൊഴിലാളികൾക്കുള്ള പെൻഷൻപദ്ധതി നടപ്പാക്കാനും ബീഡി

മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബീഡിത്തൊഴിലാളികളുടെ പുനർവിന്യാസവും ഈ മേഖലയിൽ നിന്നും റിട്ടയർ ചെയ്തവർക്കും വൃദ്ധരായിട്ടുള്ളവർക്കും ആശ്വാസപദ്ധതി ഏർപ്പെടുത്തുന്ന കാര്യവും ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(11) ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരിയിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): എയ്ഡഡ് തലങ്ങളിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. നിർദ്ദിഷ്ട കോളേജ് സ്ഥാപിക്കാനാവശ്യമായ സ്ഥലലഭ്യത, കെട്ടിടനിർമ്മാണം, അധിക സാമ്പത്തിക ബാദ്ധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, സ്റ്റാഫുകളുടെ നിയമനം തുടങ്ങിയ വിശദവിവരങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. കൂടാതെ സർക്കാർ-എയ്ഡഡ് തലങ്ങളിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും നിർദ്ദേശങ്ങളും ശുപാർശകളും ലഭ്യമാക്കിയും ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായം കൂടി ആരാഞ്ഞും മുൻഗണനാക്രമത്തിൽ തീരുമാനമെടുക്കുന്നതാണ്.

(12) മലപ്പുറം ഓഫ് ക്യാമ്പസിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം ഓഫ് ക്യാമ്പസിന്റെ ഭാവി പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദി

ക്കാനും പദ്ധതിയിലൂടെ വിഭാവനം ചെയ്ത കാര്യങ്ങൾ യാഥാർത്ഥ്യമാക്കാനും നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം ഓഫ് ക്യാമ്പസിനുവേണ്ടി സംസ്ഥാന സർക്കാർ ഏകദേശം 350 ഏക്കറോളം ഭൂമിയും നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ അനുവദിച്ച 20 കോടി രൂപയിൽനിന്നും 18 കോടി രൂപ താൽക്കാലിക കെട്ടിടങ്ങളുടേയും ചുറ്റുമതിലിന്റേയും നിർമ്മാണത്തിനായി ചെലവഴിക്കുകയുണ്ടായി. വിശദമായ റിപ്പോർട്ടുകളും എക്സ്പെന്റിച്ചർ ഫൈനാൻസ് കമ്മിറ്റി മെമ്മോയും ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയത്തിന്റെയും പ്ലാനിംഗ് കമ്മീഷന്റെയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(13) **കെ.എസ്. ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ്**

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം മണ്ഡലത്തിൽ പുൽപ്പറ്റ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും തടസ്സംകൂടാതെ വൈദ്യുതി ലഭിക്കാനും പൂക്കൊളത്തൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടിയുണ്ടാകണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മലപ്പുറം മണ്ഡലത്തിൽ പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (14) <u>തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u> : വടകര-ബാംഗ്ലൂർ റൂട്ടിലെ തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ്സുകളുടെ കുറവ്, സ്പെയർ പാർട്ടുകളുടെ അഭാവം എന്നിവ പരിഹരിക്കാനും ഡീസൽ നിറയ്ക്കുന്നതിന് സംവിധാനമേർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : തൊട്ടിൽപ്പാലം യൂണിറ്റിലുള്ള 43 ബസ്സുകളിൽ രണ്ട് ബസ്സുകൾ ശബരിമല യിലേയ്ക്ക് ഡൈവർട്ട് ചെയ്തിട്ടുള്ളത് സീസൺ കഴിഞ്ഞാൽ അങ്ങോട്ടു തന്നെ കൊടുക്കുന്നതാണ്. സ്പെയർ പാർട്ട്സ് ആവശ്യത്തിന് ലഭ്യമാക്കി യിട്ടുണ്ട്. ഡീസൽ സ്റ്റേഷൻ പ്രവർത്തനയോഗ്യമാക്കാനുള്ള പ്രവൃത്തി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്.

## (15) <u>പ്രൈവറ്റ് ട്രാൻസ്പോർട്ട് സർവ്വീസ് നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u> : പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സമഗ്രമായ പദ്ധതി നടപ്പിലാക്കാനും ബസ്സുകളുടെ ഏജ് **15** കൊല്ലം എന്നുള്ളത് നീട്ടാനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : ബസ്സുകളുടെ കാലപ്പഴക്കംമൂലം അപകടമരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബസ്സുകളുടെ ഏജ് 15 കൊല്ലമെന്നുള്ളത് വർദ്ധിപ്പിക്കാൻ സാധിക്കില്ല. പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സിന്റെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റിനാൽ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാണ്.

## (16) <u>മലബാർ സിമന്റ്സിലെ അഴിമതി സി.ബി.ഐ. അന്വേഷിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. പി.സി. ജോർജ്</u> : മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം ഏർപ്പെടുത്താനും മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രന്റെയും കുട്ടികളുടെയും കൊലപാതകവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ ഗവൺമെന്റിന്റെ അഭിപ്രായം കോടതിയിൽ രേഖപ്പെടുത്തിയതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് അന്വേഷിക്കാനും തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) : മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറിയുടെയും കുട്ടികളുടെയും ദുരൂഹമരണം സി.ബി.ഐ.-ക്ക് വിട്ടുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അഴിമതി സംബന്ധിച്ച് വിജിലൻസിൽ ഉണ്ടായിരുന്ന അഞ്ച് കേസ്സുകളിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിക്കുകയും അഞ്ചാമത്തെ കേസ്സിന്മേൽ അന്വേഷണം നടത്തിവരികയുമാണ്. സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ശശീന്ദ്രന്റെ പിതാവ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലവിലുണ്ട്. കേസ്സുമായി ബന്ധപ്പെട്ട ഏത് കാര്യവും സി.ബി.ഐ.-യുടെ അന്വേഷണത്തിന് വിടുന്നതിന് സർക്കാരിന് എതിർപ്പില്ലെന്ന് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് എടുത്ത തീരുമാനം ശരിയായ രൂപത്തിൽ റെപ്രസന്റ് ചെയ്യുന്നതിൽ അഡ്വക്കേറ്റ് ജനറൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

## (17) പെൺകുട്ടികളെ പീഡിപ്പിച്ച സംഭവം

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് അരേടത്ത് പാലം അപ്പാർട്ട്മെന്റ് പെൺവാണിഭക്കേസിൽ അന്വേഷണം നടത്തി കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കോഴിക്കോട് അരേടത്ത് പാലം റാണി അപ്പാർട്ട്മെന്റിലെ ജി-3 ഫ്ളാറ്റിൽ കോഴിക്കോട് മെഡിക്കൽ കോളേജ് സർക്കിൾ ഇൻസ്പെക്ടറും സംഘവും നടത്തിയ റെയ്ഡിൽ റീന ജോസഫ്, അസ്മാബി എന്നീ രണ്ട് സ്ത്രീകളെയും തോമസ് ജോസ്, കുഞ്ഞിപ്പക്കി എന്നുവിളിക്കുന്ന സലിം, സത്താർ എന്നീ പുരുഷൻമാരെയും അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തതിൽ റീന ജോസഫിന്റെ മൊഴിയിൽ തനിക്ക് **16** വയസ്സുള്ള മകളുണ്ടെന്ന് പറഞ്ഞതിനെത്തുടർന്ന് ആ കുട്ടിയെ പോലീസ് ചോദ്യം ചെയ്തതിൽ തന്നെയും അസ്മാബിയുടെ **16** വയസ്സുള്ള മകളെയും കുഞ്ഞിപ്പക്കി എന്നു വിളിക്കുന്ന സലിം തുടങ്ങിയ കുറേപേർ ഹൈദരാബാദിലും മറ്റുമുള്ള കുറേ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചുവെന്ന് പെൺകുട്ടി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ്, നടക്കാവ്, ആലത്തൂർ, വെള്ളായിൽ, ചേവായൂർ എന്നീ പോലീസ് സ്റ്റേഷനുകളിലായി **20** കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും **21** പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി കോഴിക്കോട് നോർത്ത് പോലീസ് സ്റ്റേഷനിലെ പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘം

ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. പീഡനത്തിനിരയായ രണ്ട് പെൺകുട്ടികളെയും വെള്ളിമാടുകുന്ന് സർക്കാർ ജുവനൈൽ ഹോമിൽ പാർപ്പിച്ചിരിക്കുകയാണ്.

(18) <u>ഗുരുവായൂർ ക്ഷേത്രസുരക്ഷ</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : കേന്ദ്ര ഇന്റലിജൻസ് ഏജൻസിയുടെ ശുപാർശ പ്രകാരം ഗുരുവായൂർ ക്ഷേത്ര സുരക്ഷ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗ തീരുമാനങ്ങൾ നടപ്പിലാക്കാനും അനിയന്ത്രിതമായ തീർത്ഥാടകത്തിരക്ക് കണക്കിലെടുത്ത് ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി പ്രത്യേക ടെമ്പിൾ പോലീസ് സ്റ്റേഷൻ ആരംഭിക്കാനും ആവശ്യമായ പോലീസ് സേനയെ നിയോഗിക്കാനും മെറ്റൽ ഡിറ്റക്ടറുകൾ സ്ഥാപിക്കാനും തീർത്ഥാടകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. എ. മാധവൻ</u> : ഗുരുവായൂർ ക്ഷേത്ര സുരക്ഷയ്ക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലെ തീരുമാനമനുസരിച്ച് പ്രത്യേക പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും സുരക്ഷാ പരിശോധനയ്ക്കുള്ള എക്വിപ്മെന്റ്സ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ക്ഷേത്ര നഗരിക്കും തൃശൂർ മെഡിക്കൽ കോളേജിനും പ്രത്യേകം പോലീസ് സ്റ്റേഷനുകൾ അനുവദിക്കണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u> : 2011-ൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം ഉന്നതതല യോഗം ചേർന്ന് ഗുരുവായൂർ ക്ഷേത്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി രണ്ട്

സബ്ഡിവിഷനുകൾ രൂപീകരിച്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണറായി ഡിവൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയും ആംഡ് ഫ്ളൈയിംഗ് സെൻട്രിമാരേയും ക്വിക്ക് റെസ്പോൺസ് ടീമിനേയും നിയോഗിച്ചിട്ടുണ്ട്. ഐഡന്റിറ്റി കാർഡ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഹോട്ടലുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ പോലീസ് പരിശോധന നടത്തുന്നതോടൊപ്പം പരിശീലനം നേടിയ 22 പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോംബ് ഡിറ്റക്ഷൻ സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ അവിടെ 96 സി.സി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി സ്ത്രീകളായ ഭക്തജനങ്ങളെ പരിശോധന നടത്താൻ പ്രത്യേക ക്യാബിൻ സ്ഥാപിച്ചിട്ടുണ്ട്. എ.പി. ബറ്റാലിയന്റെ അംഗസംഖ്യ രണ്ട് പ്ലട്ടൂണായി വർദ്ധിപ്പിക്കുകയും താൽക്കാലിക കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുകയും അത്യാഹിതങ്ങൾ നേരിടുന്നതിനായി ഇവാക്വേഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുമുണ്ട്. വി.ഐ.പി., വി.വി.ഐ.പി., സെക്യൂരിറ്റിയുടെ ഭാഗമായി പ്രത്യേക ബന്തവസ്സ് സ്കീം നടപ്പിലാക്കുകയും ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ എന്നിവ സുരക്ഷാ പരിശോധനയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ദേവസ്വം ഭാരവാഹികളുമായി ചർച്ച നടത്തി നിലവിലുള്ള സ്റ്റേഷൻ ടെമ്പിൾ പോലീസ് സ്റ്റേഷനാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനും ജനപ്രതിനിധികളുമായി ആലോചിച്ച് അതേ പരിധിയിൽപ്പെട്ട പ്രദേശത്ത് പുതിയ സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (19) എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തൽ

ശ്രീമതി പി. അയിഷാ പോറ്റി : വാളകത്ത് പ്രവർത്തിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : വാളകത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതുമാണ്.

## (20) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി

ശ്രീമതി കെ. എസ്. സലീഖ : സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനോ സ്ത്രീ സുരക്ഷയ്ക്കായി പോലീസ്-ഐ.ടി. വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പുതിയ നിയമം കൊണ്ടുവരുന്നതിനോ തയ്യാറാകണം. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കാനും മൂന്ന് മാസത്തിനകം കുറ്റവാളികളെ ശിക്ഷിക്കുന്നതിനും വേണ്ട നിയമ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലും രജിസ്റ്റർ ചെയ്യുന്നതിലും വർദ്ധനവുണ്ടായിട്ടുണ്ട്. കുടുംബങ്ങളുടെ തകർച്ച, മദ്യാസക്തി, മയക്കുമരുന്നിന്റെ ഉപയോഗം, മൊബൈൽ ഫോണുകളുടെ ദുരുപയോഗം, മാനസിക-ജനിതക വൈകല്യങ്ങൾ തുടങ്ങി

സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളാണ് അതിക്രമങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത്. പോലീസിന്റെ ഭാഗത്തുനിന്നുള്ള നടപടികൾക്കൊപ്പം സാമൂഹ്യ അവബോധം വളർത്തുന്നതിനുള്ള നടപടികളുമുണ്ടാകണം. സ്ത്രീകളുടെ അന്തസ്സും സ്വകാര്യതയും സംരക്ഷിക്കുന്നതിനുള്ള കരട് ബില്ലിന് രൂപം നൽകിയിട്ടുണ്ട്. പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകൾ ശരിയായ രീതിയിൽ അന്വേഷിച്ച് ചാർജ് ചെയ്യുകയും പ്രൊസിക്യൂഷൻ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിക്കുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കുന്നതുമാണ്. ഇത്തരം അതിക്രമങ്ങൾ വർദ്ധിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും പെൺവാണിഭം, ബലാൽസംഗം തുടങ്ങിയ കേസുകൾ അന്വേഷിക്കുന്നതിനും നാല് വനിതാ ഐ.പി.എസ്. ഉദ്യോഗസ്ഥർ അടങ്ങുന്ന വിമൺ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുന്നതും ഗൗരവമുള്ള കേസുകൾ നേരിട്ട് അന്വേഷിക്കുന്നതുമാണ്. കേസുകളുടെ വിചാരണ ഫാസ്റ്റ് ട്രാക്ക് കോടതികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെ അഭിപ്രായം ആരായുന്നതാണ്. സമൂഹത്തിന് അപമാനകരമായ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് എൻ.ജി.ഒ. പോലുള്ള സംഘടനകളുടെ സഹകരണം ആവശ്യമാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനാവശ്യമായ പരിശ്രമം നടത്തുകയെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

### (21) <u>പാലക്കാട് വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വീട്ടിൽ നടന്ന അതിക്രമം</u>

<u>ശ്രീ. എം. ചന്ദ്രൻ</u>: ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ, പന്തപ്പറമ്പ് മഹാലക്ഷ്മി നിവാസിൽ 20-12-12-ന് ഒരാൾ അതിക്രമിച്ച് കയറി ഗൃഹനാഥനേയും ഭാര്യയേയും മകളേയും ആക്രമിക്കുകയും ഭാര്യ സംഭവ

സ്ഥലത്ത് വച്ച് മരണപ്പെടുകയും ഗൃഹനാഥനേയും മകളേയും ഗുരുതരമായ പരിക്കുകളോടെ തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): പാലക്കാട് വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പന്തപ്പറമ്പ് മഹാലക്ഷ്മി നിവാസിലെ ഗൃഹനാഥനേയും ഭാര്യയേയും മകളേയും 20-12-12 പുലർച്ചെ 5.30 -ന് സ്ഥലവാസിയായ ഒരാൾ വീട്ടിൽ കയറി ആക്രമിക്കുകയും ഭാര്യ സംഭവസ്ഥലത്തുവച്ച് മരണപ്പെടുകയും പരിക്കേറ്റ മറ്റു രണ്ടുപേർ തൃശ്ശൂർ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുമാണ്. പരിക്കേറ്റ മകളുടെ നില ഗുരുതരമാണ്. പ്രസ്തുത കേസ്സിൽ ഗൃഹനാഥന്റെ സഹോദരൻ മൊഴിനൽകിയതനുസരിച്ച് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം വടക്കഞ്ചേരി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിയും ഗൃഹനാഥന്റെ മകളും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തിൽ വന്ന ഉലച്ചിലാണ് അക്രമത്തിന് കാരണം. കൃത്യത്തിനു ശേഷം പ്രസ്തുത വീടിന്റെ മുകളിൽ വിഷം കഴിച്ച് അബോധാവസ്ഥയിൽ കണ്ടെത്തിയ പ്രതിയെ പോലീസ് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. നെന്മാറ സി.ഐ കേസ്സിന്റെ അന്വേഷണം നടത്തി വരുന്നു. പാലക്കാട് ജില്ലാ പോലീസ് മേധാവിയും ആലത്തൂർ എ.എസ്.പി.യും സംഭവസ്ഥലം സന്ദർശിച്ച് മറ്റുനടപടികൾ സ്വീകരിച്ചു വരുന്നു.

### (22) അത്തിപ്പൊറ്റപാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ.കെ ബാലൻ: തൃശ്ശൂർ-പാലക്കാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആലത്തൂർ-തിരുവില്വാമല റോഡിലെ അത്തിപ്പൊറ്റപാലം അടിയന്തരമായി പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്): കഴനി-പഴമ്പലാക്കോട് റോഡിൽ ഗായത്രിപ്പുഴയ്ക്ക് കുറുകെയുള്ള പ്രസ്തുത പാലം നിർമ്മിക്കാൻ **2010–2012**-ൽ എസ്.ഒ.ആർ പരിഷ്ക്കരിച്ചതിനെത്തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

### (23) കൂട്ടുംവാതുക്കൽ കടവ് പാലം

ശ്രീ. സി.കെ. സദാശിവൻ: കായംകുളം കായലിനുകുറുകെയുള്ള കൂട്ടുംവാതുക്കൽ കടവ് പാലം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്): കായംകൂളം കായലിനുകുറുകെ കൂട്ടുംവാതുക്കൽ കടവ് പാലത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളാരംഭിച്ചെങ്കിലും റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതുകൊണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടെങ്കിലും മേൽ നടപടികളുമായി മുന്നോട്ടു പോകുന്നുണ്ട്.

## (24) പട്ടികവർഗ്ഗ പ്രാക്തനഗോത്രവർഗ്ഗക്കാരുടെ ഉന്നമനം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: പി.ബി.റ്റി.ജി. പദ്ധതിയിലെ റിസർച്ച് ഓഫീസർ, ഡെവലപ്മെന്റ് മീഡിയേറ്റർ തസ്തികകളിലേയ്ക്ക് പട്ടിക വർഗ്ഗക്കാരുടെ നിയമനവും തസ്തികയും നിഷേധിച്ചത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): കേരളത്തിലെ പ്രത്യേക ദുർബല പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി 13-ാം ധനകാര്യകമ്മീഷന്റെ അവാർഡ് പ്രകാരം ലഭ്യമായ തുക ഉപയോഗിച്ച് 2011-12 വർഷം മുതൽ പട്ടികവർഗ്ഗവികസന വകുപ്പിന്റെ നേതൃത്വത്തിൽ ആറ് ജില്ലകളിൽ ക്ഷേമ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനം നാല് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഏഴ് റിസർച്ച് ഓഫീസർമാരേയും ഇരുപത്തിനാല് ഡെവലപ്മെന്റ് മീഡിയേറ്റർമാരേയും നിയമിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടാത്തവർ പരീക്ഷാ നടത്തിപ്പിന് വിഘാതമായി നിന്നതിനാൽ പരീക്ഷ റദ്ദാക്കി. പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിന് അസിസ്റ്റന്റ് എഞ്ചിനീയർമാരും ക്ലാർക്കുമാരും മതിയെന്ന് പി.ബി.റ്റി.ജി. ടീം ലീഡർ നിർദ്ദേശിച്ചതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരെ താൽക്കാലികമായി നിയമിക്കാൻ അനുമതി നൽകി. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന

ഉദ്യോഗാർത്ഥികളെ പ്രത്യേകമായി മറ്റേതെങ്കിലും പ്രോജക്ടിന് പരിഗണിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

**(25) ക്ഷേമപെൻഷനുകൾ പോസ്റ്റോഫീസ്വഴി നൽകൽ**

ശ്രീ. എ.എം. ആരിഫ്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ ക്ഷേമനിധിബോർഡുകളും നൽകുന്ന ക്ഷേമപെൻഷനുകൾ പോസ്റ്റോഫീസ് മുഖേന നൽകി വരുന്ന സംവിധാനം നിലനിർത്താൻ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ എം.കെ. മുനീർ): സാമൂഹ്യക്ഷേമ വകുപ്പ് വിതരണം ചെയ്യുന്ന വിവിധ ക്ഷേമപെൻഷനുകൾ 2013 ഏപ്രിൽ മാസം മുതൽ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കാൻ തീരുമാനിച്ചുവെങ്കിലും മുതിർന്ന പൗരന്മാർക്കും പരസഹായം ആവശ്യമുള്ളവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നെന്ന് പരാതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ അവർക്ക് തുടർന്നും മണിഓർഡർ വഴി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ഓപ്ഷൻ നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(26) അനധികൃത പന്നിവളർത്തൽ കേന്ദ്രം**

ശ്രീ. വി. ശശി: ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്തിൽ കോട്ടരിക്കര വാർഡിൽ പ്രവർത്തിക്കുന്ന അനധികൃത പന്നിവളർത്തൽ കേന്ദ്രം നിറുത്തലാക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): മംഗലപുരം ഗ്രാമപഞ്ചായത്തിൽ മുരുക്കുംപുഴ കോട്ടരിക്കര വാർഡിൽ പ്രവർത്തിച്ചുവരുന്ന പന്നിവളർത്തൽ കേന്ദ്രത്തിനെതിരെ പരിസരവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ 2000-ത്തിനുശേഷം

ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. പഞ്ചായത്തിൽ നിന്നും ഇത് അടച്ചുപൂട്ടാൻ നോട്ടീസ് നൽകിനെതിരെ ഉടമ ഫയൽ ചെയ്ത കേസ്സിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഈ കേന്ദ്രത്തിന്റെ തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ 2006-ൽ ഉത്തരവ് നൽകിയെങ്കിലും പ്രസ്തുത ഉത്തരവിനെതിരെ ഉടമ വീണ്ടും ട്രിബ്യൂണലിന് ഹർജി നൽകിയതിനെത്തുടർന്ന് ഇതിന്റെ പ്രവർത്തനം നിരോധിച്ചുകൊണ്ടുള്ള ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഉടമ വീണ്ടും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകി ഇടക്കാല ഉത്തരവ് സമ്പാദിക്കുകയും സ്ഥാപനം തുടർന്നും പ്രവർത്തിച്ചു വരികയും ചെയ്യുന്നു. നിലവിലുള്ള കേസ്സുകളിന്മേലുണ്ടാകുന്ന വിധിന്യായം അനുസരിച്ച് പഞ്ചായത്തിന് തീരുമാനം എടുക്കാവുന്നതാണ്.

### (27) തടയണ നിർമ്മാണം

ശ്രീ. എം. ഹംസ: ഒറ്റപ്പാലം റെയിൽവേസ്റ്റേഷന് സമീപം ഭാരതപ്പുഴയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തടയണ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഒറ്റപ്പാലം റെയിൽവേ സ്റ്റേഷന് സമീപം ഭാരതപ്പുഴയിൽ റിവർമാനേജ്മെന്റ് ഫണ്ടുപയോഗിച്ച് തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ മലമ്പുഴ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ജില്ലാ വിദഗ്ദ്ധ സമിതി യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചതിനുശേഷം ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് വരുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (28) കൂടൽമാണിക്യം ദേവസ്വത്തിന് അവകാശപ്പെട്ട ഭൂമി ലഭ്യമാക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിന് അവകാശപ്പെട്ട സ്ഥലം ദേവസ്വത്തിന് അടിയന്തരമായി പതിച്ചു നൽകുവാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിന് ഭൂമി പതിച്ചുനൽകണമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ രണ്ട് കേസുകൾ നിലവിലുള്ളതിനാൽ പ്രസ്തുത കേസുകളുടെ തീർപ്പിനുശേഷം മാത്രമേ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്താൻ കഴിയുകയുള്ളൂ.

## (29) യൂഡിസ്മാറ്റ് പദ്ധതി നടപ്പിലാക്കൽ

ശ്രീ. ജി. സുധാകരൻ: അമ്പലപ്പുഴ താലൂക്കിൽ ശുദ്ധജലം നൽകാൻ വേണ്ടി ആരംഭിച്ച യൂഡിസ്മാറ്റ് പദ്ധതി പൂർത്തിയാക്കാത്തതിനെക്കുറിച്ചും അതിൽ നടന്ന അഴിമതിയെക്കുറിച്ചും അന്വേഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ കിണർ-റോ വാട്ടർ പൈപ്പ് ലൈൻ, ജലശുദ്ധീകരണ ശാല, പ്രധാന വിതരണക്കുഴലുകൾ എന്നിവയുടെ ടെൻഡർ നടപടികൾ 2008-ൽ ആരംഭിക്കുകയും ലഭ്യമായ സ്ഥലത്ത് ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് ടെണ്ടർ വിളിക്കുകയും ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, കിണർ എന്നിവയുടെ പണികൾ പൂർത്തിയാക്കുകയും ചെയ്തു. പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ മാത്രമായി സ്ഥലം ഏറ്റെടുക്കലോ പൈപ്പ് ലൈനിനു വേണ്ടിയുള്ള റോഡ് നിർമ്മാണമോ പ്രായോഗികമല്ലാത്തതും അനുമതി ലഭിച്ച പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും നിലവിലുള്ള റോഡുക

ളിലൂടെ മാത്രമേ പൈപ്പ്ലൈനുകൾ സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തിന്റെ അധീനതയിലുള്ള തീരദേശ പാതയിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനെ തദ്ദേശവാസികൾ എതിർത്തിരിക്കുകയാണ്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് സമയബന്ധിതമായി പണിപൂർത്തിയാക്കുന്നതിന് തീവ്രശ്രമം നടത്തുന്നതാണ്.

### (30) പുനലൂർ പ്രദേശത്തെ കുടിവെള്ള ക്ഷാമം

ശ്രീ. കെ. രാജു: പുനലൂർ മുനിസിപ്പൽ പ്രദേശത്തേയ്ക്ക് മീനാട് പദ്ധതിയിൽനിന്നും ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അനുവാദം നൽകി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 'ജിക്ക'യുടെ ധനസഹായത്തോടുകൂടി നടപ്പാക്കിവരുന്ന മീനാട് കുടിവെള്ള പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തുവെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയിൽനിന്ന് പുനലൂർ മുനിസിപ്പാലിറ്റിക്കോ സമീപ പ്രദേശങ്ങൾക്കോ ജലവിതരണം നടത്തുന്നത് 'ജിക്ക'യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്തതിനാലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലേയ്ക്ക് ജലവിതരണം നടത്തുന്നത് പദ്ധതി പ്രദേശത്തെ ജലവിതരണത്തെ ഭാവിയിൽ ബാധിക്കുമെന്നതിനാലും പുനലൂർ പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

## (31) തോടുകളിൽ നിന്ന് പോള നീക്കം ചെയ്യാൻ നടപടി

ശ്രീ. കെ. സുരേഷ് കുറുപ്പ്: കുമരകം പഞ്ചായത്തിലെ തോടുകളിലുംകായലിലുമുള്ള പോള നീക്കം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുട്ടനാടൻ പ്രദേശങ്ങളിലെ ജലാശയങ്ങളിൽനിന്ന് പോള യന്ത്രസഹായത്തോടെ നീക്കം ചെയ്യുന്ന പദ്ധതിയുടെ ടെൻഡർ കാലാവധി അവസാനിച്ചശേഷവും പ്രവൃത്തി തുടർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി നിർത്തി വയ്ക്കാനും റീ-ടെൻഡർ ചെയ്യാനും തീരുമാനിച്ചു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഇപ്പോൾ നീക്കം ചെയ്തിട്ടുണ്ട്. ടെൻഡറുകൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച സമിതിയുടെ ആദ്യ യോഗം 26-12-2012-ൽ ചേർന്ന് കുമരകം പ്രദേശത്തെ പോള വാരൽ എത്രയുംവേഗം പുനരാരംഭിക്കുന്നതാണ്.

## (32) പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെട്ട റോഡുകളുടെ പണി

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വാമനപുരം നിയോജകമണ്ഡലത്തിൽ കരാറുകാരൻ ഉപേക്ഷിച്ചിട്ടുപോയ പി.എം.ജി. എസ്.വൈ. ഫേസ്-4-ൽ ഉൾപ്പെട്ട റോഡുകളുടെ പണി പൂർത്തിയാക്കാനാവശ്യമായ തുക ഈ സാമ്പത്തിക വർഷംതന്നെ അനുവദിക്കുന്നതിനും പ്രസ്തുത കരാറുകാരനെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): 2004-05-ലെ പി.എം.ജി.എസ്.വൈ നാലാം ഫെയ്സിൽപ്പെട്ട റോഡുകളുടെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ചി

ട്ടുപോയ സാഹചര്യത്തിൽ ഈ റോഡിനുവേണ്ടി 82 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ശുപാർശയിന്മേൽ തീരുമാനമുണ്ടായില്ല. 2011-ലെ ഷെഡ്യൂളിൽ പ്രസ്തുത പണി റിവൈസ് ചെയ്യുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

**(33) വടകര ചോമ്പാൽ ഫിഷിംഗ് ഹാർബറിൽ അടിസ്ഥാന സൗകര്യം**

ശ്രീ. സി.കെ. നാണു: വടകര ചോമ്പാൽ ഫിഷിംഗ് ഹാർബറിൽ ബോട്ട് ജെട്ടി സ്ഥാപിക്കുന്നതിനും ഹാർബറിനകത്തുള്ള മണൽ നീക്കം ചെയ്യുന്നതിനും ഹാർബർ പ്രദേശത്തെ മലിനീകരണം ഒഴിവാക്കുന്നതിനും വടകര മുനിസിപ്പാലിറ്റിയിലെ അഴിത്തല ഫിഷ് ലാൻഡിംഗ് സെന്റർ വികസിപ്പിക്കുന്നതിനും കടലോര ഭാഗത്തുള്ള റോഡുകളുടെ പ്രവൃത്തിക്കാവശ്യമായ അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ചോമ്പാൽ മത്സ്യബന്ധന തുറമുഖത്ത് യന്ത്രവൽകൃത ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഡ്രെഡ്ജിംഗ് നടത്തുന്നതിനായി 355 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. മലിനീകരണ പ്ലാന്റ്, വാട്ടർ ടാങ്ക്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിന് 336 ലക്ഷം രൂപയുടെ പദ്ധതിക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിക്കുകയും അംഗീകാരത്തിനുള്ള നടപടികൾ കൈക്കൊള്ളുകയും ഹാർബറും പരിസരവും ദിവസേന വൃത്തിയാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ

സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.എഫ്.ഡി.ബി.-യിൽ നിന്നും ഭരണാനുമതി ലഭിച്ച് ശേഷിക്കുന്ന നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി യതിനുശേഷം ഹാർബറിന്റെ രണ്ടാംഘട്ട വികസന നിർദ്ദേശം പരിശോധി ക്കുന്നതാണ്. വടകരയിലെ അഴിത്തല ഫിഷ് ലാൻഡിംഗ് സെന്ററിന്റെ പുതു ക്കിയ എസ്റ്റിമേറ്റ് കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ ഭാഗത്തെ റോഡുകളുടെ പ്രവൃത്തിക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി വരികയാണ്.

**അറിയിപ്പ്**

**സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്**

മി. സ്പീക്കർ: ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കുന്നതിനുള്ള സമയം സഭയുടെ അനുമതിയോടെ വേവ് ചെയ്തിരിക്കുന്നു.

**സബ്മിഷൻ (തുടർച്ച)**

**(34) കൊച്ചിയിലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്റ്റഡീസിന് പുതിയ കോഴ്സുകൾ**

ശ്രീ. ലൂഡി ലൂയിസ്: കൊച്ചിയിലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്റ്റഡീസിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കൊച്ചി സമുദ്രപഠന സർവ്വകലാശാലയെ അന്താരാഷ്ട്രനിലവാര മുള്ള സർവ്വകലാശാലയായി ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പ ത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തുകയും

നബാർഡിൽനിന്നും 48 കോടി രൂപ ലഭ്യമാക്കുകയും കേന്ദ്ര ഭൗമ മന്ത്രാലയം 3.5 കോടി രൂപ ഗവേഷണ പദ്ധതികൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടും സെനറ്റും ഉടൻ നിലവിൽ വരും. അടുത്ത വർഷം സർവ്വകലാശാലയിൽ ഏഴ് പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളും രണ്ട് പി.ജി. ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതാണ്. കർഷകർക്ക് മത്സ്യ-ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനും സമുദ്ര ജീവികളിൽനിന്നും ഔഷധങ്ങൾ നിർമ്മിക്കുന്നതിനും വിജ്ഞാനവ്യാപനകേന്ദ്രം, മാതൃകാ മത്സ്യ സംസ്കരണ ശാല ഡാറ്റ അപഗ്രഥനകേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

**(35) മഹാകവി ജി. ശങ്കരകുറുപ്പിന് സ്മാരകം**

ശ്രീ. ബെന്നി ബഹനാൻ: ജ്ഞാനപീഠം അവാർഡ് ജേതാവും കേരളത്തിലെ ആദ്യത്തെ നോമിനേറ്റഡ് രാജ്യസഭാംഗവുമായ മഹാകവി ജി. ശങ്കരകുറുപ്പിന് എറണാകുളം ഗോശ്രീ പാലത്തിനടുത്തായി നീക്കിവച്ചിട്ടുള്ള സ്ഥലത്ത് ഒരു സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ഗോശ്രീ പാലത്തിനുസമീപമുള്ള സ്ഥലം അളന്നുതിരിക്കുന്നതിനും മഹാകവി ജി. ശങ്കരക്കുറുപ്പിന് ഉചിതമായ സ്മാരകം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**(36) കൊച്ചി മുസരിസ് ബിനാലെ**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കൊച്ചി മുസരീസ് ബിനാലേയ്ക്കെതിരെ പ്രഖ്യാപിച്ച അന്വേഷണം പുനഃപരിശോധിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കൊച്ചി മുസരീസ് ബിനാലെക്ക് 2010 -ൽ സംസ്ഥാന ഗവൺമെന്റ് മുസരീസ് പ്രോജക്ടിൽനിന്നും അഞ്ച് കോടി രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. ബിനാലെക്ക് സാമ്പത്തിക സഹായം ഒഴികെ എല്ലാ സഹായവും ചെയ്യാനാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനി ച്ചിരുന്നതെങ്കിലും ഈ ആവശ്യം അടുത്ത ക്യാബിനറ്റ് യോഗത്തിൽ പരിഗണി ക്കുന്നതാണ്.

### (37) വിരമിച്ച പത്രപ്രവർത്തകരുടെ പെൻഷൻ വർദ്ധിപ്പിക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കേരളത്തിലെ വിരമിച്ച പത്രപ്ര വർത്തകരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കേരളത്തിലെ പത്രപ്രവർത്ത കർക്കായി പ്രധാനമായും മൂന്നുതരത്തിലുള്ള പെൻഷനുകളാണ് നില വിലുള്ളത്. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ തരം പത്രപ്രവർത്തക പെൻഷനും 500 രൂപ വീതം വർദ്ധിപ്പിച്ചിട്ടുണ്ട്. ആശ്രിത പെൻഷൻ 250 രൂപ വീതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാ ണ്. ഈ വർദ്ധനവ് കേരളത്തിലെ സീനിയർ ജേർണലിസ്റ്റുകൾക്കും ബാധക മാക്കുന്നതാണ്.

### (38) രാജാരവിവർമ്മയുടെ സ്മാരകം

ശ്രീ. ബി. സത്യൻ: വിശ്വപ്രസിദ്ധ ചിത്രകാരൻ രാജാരവിവർമ്മയുടെ ഓർമ്മയ്ക്കായി കിളിമാനൂരിൽ സ്ഥാപിക്കുന്ന സ്മാരകത്തിന് കേന്ദ്ര-സം

സ്ഥാന ഗവൺമെന്റുകളുടെ ധനസഹായം ലഭ്യമാക്കുന്നതിനും ദേശീയ നിലവാരത്തിൽ ചിത്രകലാപഠനം നടത്തുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനും നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കിളിമാനൂർ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുകയും 12-ാം ധനകാര്യ കമ്മീഷന്റെ പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുകയും രാജാരവിവർമ്മയുടെ സ്മൃതി മണ്ഡപത്തിന്റെ പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്മാരക സമുച്ചയ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം എൺപത് ലക്ഷം രൂപ ചെലവിൽ നടന്നുവരുന്നു. കൂടാതെ രണ്ട് കോടി രൂപ ചെലവു വരുന്ന സമഗ്ര പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**(39) ചാലക്കുടിയിൽ ട്രാംവേയെക്കുറിച്ച് പൈതൃക മ്യൂസിയം**

ശ്രീ. ബി.ഡി. ദേവസ്സി: പറമ്പിക്കുളം കാടുകളിൽനിന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി **1905**-ൽ ആരംഭിച്ച് **1963**-വരെ പ്രവർത്തിച്ച കൊച്ചിൻ ഫോറസ്റ്റ് ട്രാംവേയെക്കുറിച്ച് ചാലക്കുടി കേന്ദ്രമാക്കി ഒരു പൈതൃകമ്യൂസിയം സ്ഥാപിക്കുന്നതിന് സാംസ്കാരിക-ടൂറിസം വകുപ്പുകൾ നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ചാലക്കുടി കേന്ദ്രമായി സാംസ്കാരിക-ടൂറിസം വകുപ്പുകൾ സംയോജിച്ച് കൊച്ചിൻ ഫോറസ്റ്റ് ട്രാംവേയെക്കുറിച്ചുള്ള പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതാണ്. ഇതിനാ

വശ്യമായ ചരിത്ര അവശേഷിപ്പുകൾ പുരാവസ്തുവകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

**(40) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് അടിസ്ഥാന സൗകര്യങ്ങൾ**

ശ്രീ. എ. കെ. ശശീന്ദ്രൻ: കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിന്റെ പണികൾ പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ആറ് വകുപ്പുകളിലായി 240 കിടക്കകളും എം.ആർ.ഐ., കാത്ത് ലാബ്, ഡയലിസിസ് യൂണിറ്റ് തുടങ്ങിയവയും ഉണ്ട്. എൺപത്തിയൊന്ന് നോൺ മെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനായി സർക്കാരിന് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി പേയിംഗ് ടോയ്ലെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓപ്പറേഷൻ കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**(41) ബി.ഡി.എസ്. പരീക്ഷയിലെ കൂട്ടത്തോൽവി**

ശ്രീ. കെ. മുരളീധരൻ: ബി.ഡി.എസ്. വിദ്യാർത്ഥികൾ തിയറി എഴുത്തുപരീക്ഷയ്ക്കുമാത്രമായി അമ്പത് ശതമാനം മാർക്ക് വാങ്ങിയിരിക്കണമെന്ന നിബന്ധനമൂലം കേരള ആരോഗ്യ സർവ്വകലാശാല 2012 ആഗസ്റ്റ് മാസത്തിൽ

നടത്തിയ ഒന്നാം വർഷ പരീക്ഷയിലുണ്ടായ കൂട്ടത്തോൽവി സംബന്ധിച്ച് പ്രശ്നത്തിൽ ഉചിതമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ബി.ഡി.എസ്-ന്റെ **2010** മുതലുള്ള അഡ്മിഷനുകളാണ് ആരോഗ്യസർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നത്. **2011** മുതലുള്ള പരീക്ഷകളാണ് ആരോഗ്യ സർവ്വകലാശാല നടത്തുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽട്ടി ഓഫ് ഡന്റിസ്ട്രി, അക്കാഡമിക് കൗൺസിൽ മുതലായവയുടെ നിബന്ധന യൂണിവേഴ്സിറ്റി പരീക്ഷക്ക് അമ്പത് ശതമാനം പാസ്സ് മാർക്ക് വേണമെന്നതാണ്. സർവ്വകലാശാലയുടെ നടപടി സുപ്രീം കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യു ന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ മോഡറേഷ നായി നൽകുന്ന മാർക്ക് വിഭജിച്ച് നൽകാൻ കഴിയുമോ എന്ന കാര്യം ഡെന്റൽ കൗൺസിലിനോട് ആരായുവാനും ഇരട്ടമൂല്യനിർണ്ണയം നടത്തു മ്പോൾ കൂടുതലുള്ള മാർക്ക് പരിഗണിക്കുന്ന കാര്യം ഗവേണിംഗ് കൗൺസി ലിൽ ചർച്ചചെയ്ത് തീരുമാനിക്കുവാനും മാർക്കിൽ വരുത്തിയ വ്യത്യാസ ത്തിന്റെ അടിസ്ഥാനത്തിൽ മോഡറേഷൻ കൂട്ടുവാൻ കഴിയുമോയെന്ന് പരി ശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**(42) സ്വാതന്ത്ര്യസമര സേനാനികൾക്ക് മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ്**

ശ്രീ. ജോസഫ് വാഴയ്ക്കൻ: സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആരോഗ്യവകുപ്പിൽനിന്നും മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് ക്ലെയിം നൽകു ന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വാതന്ത്ര്യസമര സേനാനികൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ വർഷം 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷ ചികിത്സിക്കുന്ന ആശുപത്രി മുഖേന നൽകേണ്ടതും 25,000/- രൂപ വരെ ഡി.എം.ഒ.-ക്ക് അനുവദിക്കാവുന്നതാണ്

## (43) ഇടത്താവള പദവി

ഡോ. കെ.ടി. ജലീൽ: ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിനെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ചമ്രവട്ടം അയ്യപ്പക്ഷേത്രത്തെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

## (44) വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം

ശ്രീ. സണ്ണി ജോസഫ്: സർക്കാർ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിലെല്ലാം ഡോക്ടർമാരെയും സ്പെഷ്യലിറ്റി കേഡറിലുള്ളവരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ബെഡ് സ്ട്രെംഗ്തിന് ആനുപാതികമായ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുക, പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമിക്കുക, എൻ.എർ.എച്ച്.എം.

സ്കീം മുഖേന ഡോക്ടർമാരെ നിയമിക്കുക, പി.എസ്.സി. മുഖേന എമർജൻസി റിക്രൂട്ട്മെന്റ് നടത്തുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 246 ഡോക്ടർമാരുടെയും 916 നേഴ്സുമാരുടെയും തസ്തിക സൃഷ്ടിച്ചതോടൊപ്പം 950 ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള ഉത്തരവും നൽകിയിട്ടുണ്ട്. 2013-ഓടുകൂടി ഡോക്ടർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(45) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ക്യാഷ്വാലിറ്റി വിഭാഗം**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും കാഷ്വാലിറ്റി വിഭാഗം തുടങ്ങുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരെയും ആറ് നേഴ്സുമാരെയും ഒരു ഫാർമസിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. കാഷ്വാലിറ്റി സംവിധാനം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(46) യുനാനി ആശുപത്രിയുടെ ശോചനീയാവസ്ഥ**

ശ്രീ. പി.ബി. അബ്ദുൾ റസാക്: കേരളത്തിലെ ഏക യുനാനി ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും ഫാർമസിസ്റ്റിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കാസർഗോഡ് മൊഗ്രാളിലുള്ള യുനാനി ഡിസ്പെൻസറിയിക്ക് 2011-12-ൽ 36,000 രൂപയുടെയും 2012-13-ൽ 40,000

രൂപയുടെയും മരുന്നും ആയുഷ് ഫണ്ടിൽനിന്നും 2011-12-ൽ 48930 രൂപയ്ക്കുള്ള മരുന്നും ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിന് കൂടുതൽ തുക അനുവദിക്കുന്നതോടൊപ്പം എൻ.ആർ.എച്ച്.എം. മുഖേന മരുന്ന് വിതരണം നടത്തുന്നതിനും അംഗീകൃത യോഗ്യതയുള്ള ഫാർമസിസ്റ്റിനെ നിയമിക്കുന്നതും പരിഗണിക്കുന്നതാണ്.

### (47) എം.എ.കോഴ്സിന് തുല്യമായ പദവി

ശ്രീ. പി.സി. വിഷ്ണുനാഥ്: സംഗീത കോളേജുകളിലെ എം.എ പെർഫോമൻസ് ആർട്സ് കോഴ്സിന് എം.എ. കോഴ്സിന് തുല്യമായ പദവി നൽകാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഗവണ്മെന്റ് കോളേജുകളിൽനിന്നും എം.എ. മ്യൂസിക് ഡിഗ്രി കരസ്ഥമാക്കുന്നവർക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്. സംഗീത കോളേജുകളിൽനിന്നും എം.എ. പെർഫോമൻസ് ആർട്സ് കോഴ്സ് പാസ്സാകുന്നവർക്ക് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ഇല്ലാത്തതിനാലാണ് അപേക്ഷിക്കാൻ കഴിയാത്തത്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

### മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

### റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ എട്ട്, ഒമ്പത് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി യുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

നിയമനിർമ്മാണകാര്യം:

(1) 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി.എം.തോമസ് ഐസക്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ധനവിനിയോഗത്തെക്കുറിച്ചുള്ള ആധികാരിക രേഖയായ

എക്സപെന്റിച്ചർ റവ്യൂ കമ്മിറ്റി റിപ്പോർട്ട് നേരത്തെ കിട്ടിയാലേ അംഗങ്ങൾക്ക് ഫലപ്രദമായി ചർച്ചയിൽ പങ്കെടുക്കാൻ കഴിയൂ. ഗവൺമെന്റ് കൊണ്ടുവന്ന ധവളപത്രത്തിനുവിരുദ്ധമായ രേഖയാണ് ഇന്ന് സഭയിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിരിക്കുന്നത്. കോൺട്രാക്ടർമാരുടെ ബില്ലുകൾ ക്ഷേമ പെൻഷനുകൾ ഇവ താമസിപ്പിക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. എൽ. ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭംകുറിച്ച പത്ത് വ്യവസായ സ്ഥാപന ങ്ങൾ പ്രവർത്തനക്ഷമമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പരമ്പരാഗത വ്യവസായങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുമ്പോൾ പുതുതായി **100** കയർ സംഘങ്ങൾക്കുകൂടി അനുമതി നൽകിയിരിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ച **8–9** ശതമാനമായി ഉയരുമ്പോഴും പരമ്പരാഗത മേഖലയിൽ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല; ഈ മേഖലയുടെ വളർച്ച പൂജ്യമാണ്. പുതിയ സംവിധാനങ്ങൾ ഉപയോഗിച്ച് തൊണ്ട് ശേഖരിച്ച് കയർ മേഖലയിലെ തൊഴിലാളികൾക്ക് പണി കൊടുക്കാൻ സാധിക്കണം. പൊതുമരാമത്ത് വകുപ്പുൾപ്പെടെ എല്ലാ വകുപ്പുകളിലും പശ്ചാത്തല സൗകര്യ ത്തിന് മുതൽ മുടക്കാനുള്ള ഇനിഷ്യേറ്റീവ് ധനവകുപ്പിൽ നിന്നുണ്ടാകണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഒരു ലേഖനത്തിലെ പരാമർശം ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. ജി. സുധാകരൻ മുഖ്യമന്ത്രിയെ വിമർശിച്ചത് തെറ്റായിപ്പോയി. പാവപ്പെട്ടവരുടെ ചികിത്സയ്ക്ക് പണം സ്വരൂപിക്കുന്നതിനായി ലോട്ടറി ഏർപ്പെടുത്തുകയും അനേകംപേർക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിക്കൊടു ക്കുകയും ചെയ്ത സർക്കാരാണിത്. അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്ന തിനും സേവനാവകാശ നിയമം പാസ്സാക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി നൽകുന്നതിന് കേന്ദ്ര

സാഹിത്യ അക്കാഡമി ശുപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സി.ബി.എസ്.ഇ. സ്കൂളുകളിൽ ഒന്നാം ഭാഷ മലയാളമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിനെതിരായുള്ള ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുന്നതിനോ നിയമനിർമ്മാണം നടത്തുന്നതിനോ തയ്യാറാകണം.

ശ്രീ. പി. തിലോത്തമൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വികസന മാതൃകയെയും സംഘടിത തൊഴിലാളി/കർഷക പ്രസ്ഥാനങ്ങളെയും തകർക്കുന്ന നയമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം ലഭ്യമാക്കാത്തതിനാലും നികുതി കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാത്തതിനാലും സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. അധികാര ദുർവിനിയോഗം നടത്തുന്ന ഈ സർക്കാർ പ്രതിപക്ഷത്തെ അവഗണിക്കുന്ന ബഡ്ജറ്റുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രധാന പ്പെട്ട റോഡുകളെല്ലാം തകർന്നിരിക്കുകയാണ്. പൊതുകടം വർദ്ധിക്കുകയും നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുകയുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് ശരാശരി തൊഴിൽ ദിനങ്ങൾ നൽകുന്നതിനോ ഫണ്ട് ചെലവഴിക്കുന്നതിനോ തയ്യാറാകാത്ത സർക്കാരാണിത്.

ശ്രീ. പി. കെ. ബഷീർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കിക്കൊണ്ടിരി ക്കുകയാണ്. പെട്രോൾ-ഡീസൽ വില വർദ്ധിച്ചെങ്കിലും അധിക നികുതി ഈടാക്കാതെ ജനങ്ങൾക്ക് ആശ്വാസം പകർന്ന ഗവൺമെന്റാണിത്. മികച്ച ധനകാര്യ മാനേജ്മെന്റ് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. റോഡുകളുടെ

വികസനം ത്വരിതപ്പെടുത്തുന്നതിനും പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിനും സർക്കാർ സ്വീകരിച്ച സമീപനം അഭിനന്ദനാർഹമാണ്.

ശ്രീമതി ജമീലാ പ്രകാശം: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. കോവളം കടലോര ടൂറിസ്റ്റ് വികസനവുമായി ബന്ധപ്പെട്ട സി.ആർ.എസ്. നോട്ടിഫിക്കേഷൻസ് അനുസരിച്ച് സോൺ 3-ൽ ഉൾപ്പെടുത്തിയിരിക്കുന്ന കോവളം പ്രദേശം സോൺ 2 ൽ ഉൾപ്പെടുത്തിയാൽ ടൂറിസം വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആശ്വാസമാകും. കോവളം പ്രദേശത്ത് ടൂറിസം വികസിപ്പിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗനടപടിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതും നിയമസഭയിലെ അൺസ്റ്റാർഡ് ക്വസ്റ്റ്യന് ലഭിച്ച മറുപടിയും പരസ്പര വിരുദ്ധമാണ്.

ശ്രീ. മോൻസ് ജോസഫ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പറയുന്ന കാര്യങ്ങൾ കൃത്യമായി നടപ്പാക്കാൻ ശ്രമിക്കുന്ന ഗവൺമെന്റാണിത്. സമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കേരളത്തിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനാവശ്യമായ പരിശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്തു തീർത്ത ഗവൺമെന്റാണിത്. റോഡുകളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന വികസന രംഗങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദാരമായി ധനസഹായം അനുവദിക്കുന്ന സമീപനമാണ് ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. കുടിവെള്ള വിതരണം സുതാര്യമാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. മാലിന്യ സംസ്കരണം സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞു. ഗവൺമെന്റിന്റെ മുഖ്യ ലക്ഷ്യങ്ങളായ മാലിന്യ സംസ്കരണം മാലിന്യ നിർമ്മാർജ്ജനം മാലിന്യ മുക്ത കേരളം എന്ന പദ്ധതിയിലേക്ക് വരാൻ

കഴിയും എന്ന കാര്യത്തിൽ സംശയമില്ല. കായിക രംഗത്ത് പുത്തൻ പ്രതിഭകളെ കണ്ടെത്താൻ കഴിയുന്ന വിധത്തിലുള്ള നിരവധി കർമ്മ പരിപാടി കൾ ഏറ്റെടുക്കാൻ കഴിഞ്ഞതിലൂടെ കേരളത്തെ പുരോഗതിയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കൃഷിക്ക് പരമാവധി പരിഗണന കൊടു ക്കാൻ കഴിഞ്ഞതും കൂടുതൽ വിളകളെ വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞതും കാരുണ്യാ ബനവലന്റ് ഫണ്ട് കൊണ്ടുവരാനായതും യു.ഡി.എഫ്. സർക്കാരിന്റെ നേട്ടം തന്നെയാണ്.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സാമ്പത്തിക വർഷം ആരംഭിച്ച് ഒമ്പത് മാസമായിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആയിരത്തിലധികം ഗ്രാമപഞ്ചായത്തുകളിൽ വികസന സ്തംഭ നമുണ്ടാക്കിയ സർക്കാരാണിത്. കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ജീവനക്കാരെ നിയമിക്കു ന്നതിനുള്ള പ്രോപ്പോസൽ പരിഗണിക്കാത്ത ധനകാര്യവകുപ്പുമന്ത്രിയുടെ സമീപനം നിഷേധാത്മകമാണ്.

<u>ശ്രീ. വി.ഡി. സതീശൻ</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. മികച്ച സാമ്പത്തിക മാനേജ്മെന്റ് വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താനും അതുവഴി 22 ശതമാനം വരുമാന വർദ്ധനവുണ്ടാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും അസറ്റ് ഡെവലപ്മെന്റ് ഫണ്ടുണ്ടാക്കാൻ 705 കോടി രൂപ നീക്കിവച്ചിരിക്കുന്നത് ക്വാളിറ്റി എക്സ്പെന്റീച്ചറിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പെർഫോമൻസ് ഓഡിറ്റ് നടത്താനും റിവ്യൂ ചെയ്യാനുമുള്ള സംവിധാനമുണ്ടാക്കണം. അതിരൂക്ഷമായ

വരൾച്ചയും ശുദ്ധജലക്ഷാമവും നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം. മണൽവാരൽ മൂലം നദികൾ ഉപ്പുവെള്ള ഭീഷണി നേരിടുകയാണ്. ഇതിനെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിന് പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അനധികൃത ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കണം. നിക്ഷിപ്ത താത്പര്യ ക്കാരുടെ സ്വാധീനത്തിന് വഴങ്ങി പ്രകൃതി വിഭവങ്ങൾ കവർന്നെടുക്കുന്ന വരെ നിലയ്ക്ക് നിർത്താൻ കഴിയണം. മരുന്നുവില നിയന്ത്രിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഇടപെടുകയും മരുന്ന് മാഫിയയെ നിയന്ത്രിക്കുകയും വേണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെണ്ടർ നടപടി ക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തണം. പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശക്തമായ നിലപാട് സ്വീകരിക്കണം. പരിസ്ഥിതിയെയും പ്രകൃതിയേയും സംരക്ഷിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണം.

ശ്രീമതി കെ. കെ. ലതിക: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. മരുന്നുവില വർദ്ധനവ് നിയന്ത്രിക്കുന്നതിലും അർഹതപ്പെട്ടവർക്ക് ഒരു രൂപയ്ക്ക് അരി നൽകുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന സ്ത്രീപീഡനങ്ങളും കുട്ടികൾക്കുനേരെയുള്ള ആക്രമണ ങ്ങളും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്രസർക്കാർ ഗ്യാസ് സിലിണ്ടറുകളുടെ എണ്ണത്തിൽ നിയന്ത്രണമേർപ്പെടുത്തുകയും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുകയും ചെയ്തെങ്കിലും യാതൊരു പരിഹാര നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. കുടുംബശ്രീയും സഹകരണ സംഘങ്ങളും ഇപ്പോൾ തകർച്ച നേരിടുകയാണ്. പോസ്റ്റാഫീ

സുകളിലെ കളക്ഷൻ ഏജന്റുമാർക്ക് കൃത്യമായി കമ്മീഷൻ നൽകുമെന്ന വാഗ്ദാനം പാലിക്കപ്പെടണം. ക്ഷേമപെൻഷനുകൾ കുടിശ്ശിക സഹിതം കൊടുത്തുതീർക്കാൻ നടപടിയുണ്ടാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2010-11 വർഷത്തെ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ സഹകരണം, പൊതുവിദ്യാഭ്യാസം, ആഭ്യന്തരം, ഭവന നിർമ്മാണം, തൊഴിൽ, സാമൂഹ്യസേവനം, സ്പോർട്സ്, യുവജനക്ഷേമം, നികുതികൾ, വിനോദസഞ്ചാരം, ജലവിഭവം എന്നീ വകുപ്പുകൾ 60 ശതമാനത്തിൽ താഴെയാണ് പദ്ധതിചെലവ് നടത്തിയതെന്നും അണ്ടർ അസ്സെസ്മെന്റ്, കുറഞ്ഞ വസൂലാക്കൽ എന്നിവമൂലം പല വകുപ്പു കളുടെയും റവന്യൂ വരുമാനത്തിൽ വൻനഷ്ടമുണ്ടായിയെന്നുമാണ് രേഖപ്പെ ടുത്തിയിരിക്കുന്നത്. കഴിഞ്ഞ സർക്കാർ 4786 കോടി രൂപ ആ വർഷം നഷ്ടപ്പെടുത്തിയെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കോൺട്രാ ക്ടേഴ്സിന്റെ ഓഗസ്റ്റ്മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും സെപ്റ്റംബർ വരെയുള്ളത് ഉടൻ തീർക്കുന്നതുമാണ്. ഡെസ്റ്റിറ്റ്യൂട്ട് പെൻഷൻ, സെക്യൂരിറ്റി പെൻഷൻ എന്നിവ നവംബർ മാസം വരെയുള്ളത് കൊടുത്തു തീർത്തു. ലേബർ വെൽഫെയറിനുവേണ്ടിയുള്ള തുക റിലീസ് ചെയ്യാൻ തീരു മാനമെടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് കടം ഒരു ലക്ഷം കോടി രൂപയാക്കി യെന്ന പ്രതിപക്ഷത്തിന്റെ വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്. ആസ്തി വികസന ഫണ്ടിനെ സംബന്ധിച്ച ആശങ്ക ദൂരീകരിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ധനവിനിയോഗ ബിൽ പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 57-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും

പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ദാസൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012 -ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിലെ പല വകുപ്പുകളും സർക്കാരിന്റെ പ്രഖ്യാപിത നിലപാടിനോട് ചേർന്നുപോകുന്നതല്ല. സർക്കാരിന്റെ അംശദായം അംഗങ്ങളുടെ അംശദായത്തിന് തുല്യമായോ അല്ലെങ്കിൽ അതിന് പകുതിയായോ വർദ്ധിപ്പിക്കാൻ തയ്യാറാകണം. ക്ഷേമനിധിയുടെ സാമ്പത്തിക സമാഹരണം നടത്തുന്നത് ക്ഷേമനിധി സ്റ്റാമ്പ് ഏർപ്പെടുത്തുക വഴിയാണ്. എന്നാൽ 3-ാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ ഒസ്യത്ത് വിഭാഗത്തിൽ വരുന്നവയും 1959-ലെ കേരള സ്റ്റാമ്പ് ആക്റ്റ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി നൽകുന്നതിൽനിന്നും ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെട്ടവയുമാണ്. ഇതിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളെ ഈ ബില്ലിലെ 24-ാം വകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ എഴുതിക്കൊടുക്കുന്നതോ എഴുതിവാങ്ങുന്നതോ ആയ ആധാരങ്ങളെയും സർക്കാരിന്റെ വിവിധ പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും വീട് വയ്ക്കാനുള്ള പദ്ധതിപ്രകാരം വസ്തു വാങ്ങുന്നതിനുള്ള ആധാരങ്ങളെയും ഒഴിവാക്കണം. രജിസ്ട്രേഷൻ വകുപ്പിൽ നിലവിലുള്ള ഐ.ജി.-മാരിൽ ഒരാളെ ബോർഡിന്റെ ചെയർമാനാക്കുന്നതായിരിക്കും ഉചിതം. ക്ഷേമനിധി

ബോർഡിന്റെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കണം. രജിസ്ട്രേഷൻ വകുപ്പിൽനിന്നും ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ ബോർഡിലേയ്ക്ക് നിയമിക്കണമെന്ന ബില്ലിലെ വ്യവസ്ഥ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. ജില്ലാ രജിസ്റ്ററിംഗ് അധികാരിക്ക് വളരെയേറെ ഉത്തരവാദിത്തമുള്ളതിനാൽ ക്ഷേമനിധി പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സീനിയർ സൂപ്രണ്ട് തലത്തിലുള്ള തസ്തികയും മറ്റ് ജീവനക്കാരുടെ തസ്തികകളും സൃഷ്ടിക്കണം. രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. അനധി കൃതമായി ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്ന നടപടി ഒഴിവാക്കണം. കൊയിലാണ്ടി രജിസ്ട്രാർ ഓഫീസ് അടക്കം സംസ്ഥാനത്തെ ജീർണ്ണാവസ്ഥ യിലുള്ള മുഴുവൻ രജിസ്ട്രേഷൻ ഓഫീസുകളും നവീകരിക്കാനുള്ള അടിയന്തര നടപടിയുണ്ടാകണം. അഴിമതി ആക്ഷേപങ്ങളും സ്വജനപക്ഷപാതവും തടയാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഷാഫി പറമ്പിൽ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരു ടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കിത്തരുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. രജിസ്ട്രേഷൻ ഓഫീസുകളിലെ ഇടപാടു കൾ സുതാര്യമായും കാലതാമസമില്ലാതെയും നടത്തണം. തൊഴിലാളികളെ നിലനിറുത്തിക്കൊണ്ട് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കണം. വകുപ്പിൽ

കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പുതിയ സംവിധാനം സങ്കീർണ്ണതകളിലേയ്ക്ക് പോകാതിരിക്കാൻ ശ്രദ്ധിക്കണം. കമ്പ്യൂട്ടർവൽക്കരണവും ഓൺലൈൻ രജിസ്ട്രേഷനുമടക്കം നടപ്പിലാക്കുമ്പോൾ കാലതാമസം ഒഴിവാക്കാനും പ്രൊഫഷണലായ ആളുകളെ ഏൽപ്പിച്ച് പദ്ധതി വിജയകരമായി നടപ്പിലാക്കാനും സിസ്റ്റം അപ്-ഗ്രേഡ് ചെയ്ത് യൂസർ-ഫ്രണ്ട്‍ലി ആക്കി പുന:സംഘടിപ്പിക്കാനും കഴിയണം. ബേസിക് ഡോക്യുമെന്റുകൾ നൽകുന്നതിനുള്ള അക്ഷന്തവ്യമായ കാലതാമസം ഒഴിവാക്കണം. ആധാരം എഴുത്തിൽ ഉപയോഗിക്കുന്ന ഭാഷയിൽ കാലാനുസൃതമായ മാറ്റം വരുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണം. ആധാരമെഴുത്തുകാർക്കും പകർപ്പെഴുത്തുകാർക്കും ഈ ക്ഷേമനിധി വലിയ ആശ്വാസമാകുമെന്ന കാര്യത്തിൽ സംശയമില്ല. ആധാരത്തിനോടൊപ്പം സ്കെച്ചും ഹാജരാക്കുന്ന സിസ്റ്റം പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ദൈനംദിന ജീവിതത്തിൽ വളരെയധികം സ്വാധീനമുള്ള ആധാരമെഴുത്തുകാർക്കും പകർപ്പെഴുത്തുകാർക്കും ഈ ക്ഷേമനിധി പ്രാബല്യത്തിൽ വരുന്നതോടെ പെൻഷൻ ആനുകൂല്യങ്ങൾ, ചികിത്സാ സഹായങ്ങൾ, വായ്പ തുടങ്ങിയവ ലഭ്യമാകുകയും അവർ സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്യും. രജിസ്ട്രേഷൻ വകുപ്പിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്ന സമീപനമായിരിക്കും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. രജിസ്ട്രേഷൻ ഓഫീസ് കെട്ടിടങ്ങളുടെ പരിതാപകരമായ അവസ്ഥയും ഭൗതിക സാഹചര്യങ്ങളും

മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. മാനദണ്ഡപ്രകാരമുള്ള സ്ഥലംമാറ്റങ്ങളാണ് വകുപ്പിൽ നടത്തുന്നത്. ഈ ഗവൺമെന്റിന്റെ മുഖ മുദ്രയായ സുതാര്യത ലക്ഷ്യം വച്ചുകൊണ്ടായിരിക്കും ഓരോ പ്രവർത്തനവും നടത്തുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 2(ഇ)യിൽ " ഏർപ്പെട്ടിരിക്കുന്ന " എന്ന വാക്കിനുശേഷം " ലൈസൻസുള്ള " എന്ന വാക്ക് ചേർക്കുക.

120, 124, 126, 127, 133, 135, 142, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

<u>3-ാം വകുപ്പ്</u>

149,150,151,152,155,156,161,167,169,172,175, 194,199, 201,202, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി 51-നെതിരെ 64 വോട്ടുകളോടെ പിൻവലിച്ചു.

<u>4-ാം വകുപ്പ്</u>

221, 222 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>5-ാം വകുപ്പ്</u>

225, 228, 241 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>6-ാം വകുപ്പ്</u>

251, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 6(3)-ൽ "നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "നിശ്ചയിക്കാവുന്നതും അംഗങ്ങളെ രേഖാമൂലം അറിയിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>7-ാം വകുപ്പ്</u>

265, 266, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>8-ാം വകുപ്പ്</u>

271, 272 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>9-ാം വകുപ്പ്</u>

273, 274, 275, 276, 277, 279, 280, 281, 282, 283, 284, 285, 290, 292, 293, 295, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

279. ഖണ്ഡം 9(3)-ൽ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

292. ഖണ്ഡം 9(3)(എച്ച്)-ൽ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 9(3)(എച്ച്)-ന്റെ അവസാനം താഴെപ്പറയും പ്രകാരം ചേർക്കുക.

"അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്"

മന്ത്രി സ്വീകരിച്ച ഭേദഗതികളും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി 50 നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

297, 298, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>പതിനൊന്നാം വകുപ്പ്</u>

300, 301 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>പന്ത്രണ്ടാം വകുപ്പ്</u>

302, 303, 304, 305 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>പതിമൂന്നാം വകുപ്പ്</u>

307 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>പതിനാലാം വകുപ്പ്</u>

308, 309 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

315, 316 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ഇരുപത്തിനാലാം വകുപ്പ്</u>

317, 318, 319 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ഇരുപത്തിആറാം വകുപ്പ്</u>

320, 321 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>പട്ടിക</u>

325, 326 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

107 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി 51-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പസ്സാക്കി.

## (ii) <u>2012-ലെ കേരള കർഷക കടാശ്വാശ കമ്മീഷൻ (ഭേദഗതി) ബിൽ</u>

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ കർഷകർ കടക്കെണിമൂലം ആത്മഹത്യ ചെയ്യുന്നത് കണ്ടില്ലെന്ന് നടിക്കരുത്. വിളനാശവും വിലക്കുറവും ഉണ്ടായ സന്ദർഭ ങ്ങളിൽ കർഷകർക്ക് സർക്കാരിന്റെ പിന്തുണ ലഭിക്കാതിരിക്കുന്നത് ഖേദകര മാണ്. വിലസ്ഥിരതയില്ലായ്മയും രാസവളത്തിന്റെ സബ്സിഡി പിൻവലി ച്ചതും വിലനിർണ്ണയാധികാരം രാസവള കമ്പനികൾക്ക് നൽകിയതുമാണ് നാമമാത്ര കർഷകർ ആത്മഹത്യ ചെയ്യാനുള്ള കാരണം. കർഷകവിരുദ്ധ നയ ങ്ങളുമായി മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിനോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. നോൺ അഗ്രികൾച്ചർ പർപ്പസിന് മാത്രം ലോൺ നൽകി പാവപ്പെട്ട കർഷകരിൽ നിന്ന് അധിക പലിശ ഈടാക്കുന്ന സമീപനമാണ് ബാങ്കുകൾ സ്വീകരിച്ചിരിക്കുന്നത്. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും കർഷകരിൽ നിന്ന് അമിതപലിശയാണ് ഈടാക്കുന്നത്. ടെക്നിക്കൽ കമ്മിറ്റിയും ബാങ്കുകാരുമാണ് ക്രോപ്പിന്റെ വില നിശ്ചയി ക്കുന്നത്. കൃഷി, റവന്യൂ വകുപ്പുകൾക്ക് ഇതിന്മേൽ യാതൊരു നിയന്ത്രണവുമില്ല. കർഷക വിരുദ്ധ നയം സർക്കാർ തിരുത്തണം.

ശ്രീ. ബാബു എം. പാലിശ്ശേരി : വിയോജിപ്പ് രേഖപ്പെടുത്തുന്നു. അവധി വ്യാപാരത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്കുകൾ ഇല്ലാതായതോടു കൂടി കാർഷിക മേഖല കുത്തകകൾ കൈയടക്കുകയാണ് ചെയ്യുന്നത്. ചെറുകിട വ്യാപാര രംഗത്തേയ്ക്ക് വിദേശ കുത്തകകൾ വരുന്നതോടുകൂടി നാല് കോടി കച്ചവടക്കാരുടെ കുടുംബവും കൃഷിക്കാരും ദുരിതമനുഭവി ക്കാൻ പോവുകയാണ്. കഴിഞ്ഞ പ്രാവശ്യം ശേഖരിച്ച നെല്ലിന്റെ സംഭരണ

വില ഇനിയും സർക്കാർ നൽകിയിട്ടില്ല. നാളികേര കൃഷിക്കാർ പ്രതിസന്ധിയിലാണ്. വെളിച്ചെണ്ണ കയറ്റുമതി നിരോധിക്കുകയും പാംകർണ്ണൽ ഓയിൽ ഇറക്കുമതിക്ക് അനുമതി നൽകുകയും ചെയ്തത് ദ്രോഹകരമാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കേരളത്തിൽ 1.55 ലക്ഷം ഹെക്ടർ തെങ്ങ് കൃഷിയും ഒരു ലക്ഷം ഹെക്ടർ നെൽകൃഷിയുമാണ് ഇല്ലാതായത്. എമർജിംഗ് കേരളയുടെ മറവിൽ ശേഷിക്കുന്ന നീർത്തടങ്ങളും നെൽവയലുകളും നികത്താൻ നീക്കം നടക്കുകയാണ്. പറങ്കിമാവിൻ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുക വഴി എത്രവേണമെങ്കിലും ഭൂമി കൈവശം വയ്ക്കാമെന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയാണ്. ഭൂപരിഷ്കരണ നിയമം അട്ടിമറിക്കുന്നതിനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക മേഖല സമ്പൂർണ്ണ തകർച്ച നേരിടുകയാണ്. നെൽവയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. സി.കെ. നാണു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നാളികേര കർഷകരും നെൽകർഷകരും പ്രതിസന്ധിയെ നേരിടുകയാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് ജലസേചന സൗകര്യങ്ങളൊരുക്കിക്കൊടുക്കുന്നതിന് സർക്കാർ നടപടിയെടുക്കുന്നില്ല. പാവപ്പെട്ട ആദിവാസികളുടേയും കർഷകരുടേയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഭീഷണികളെ ഒറ്റക്കെട്ടായി നേരിട്ടുകൊണ്ട് രാജ്യത്തിന്റെയും ജനാധിപത്യത്തിന്റേയും താൽപര്യങ്ങൾ സംരക്ഷിക്കണം. കർഷകർക്ക് കൃഷിക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം സാമൂഹികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. പുരുഷൻ കടലുണ്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാരിന്റെ കർഷകവിരുദ്ധ നടപടികൾമൂലം കൃഷിയും കൃഷിയിടങ്ങളും അന്യമായിക്കൊണ്ടിരിക്കുന്നു. സമയാസമയങ്ങളിൽ അർഹിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കാത്തതുമൂലമാണ് കർഷക ആത്മഹത്യ വർദ്ധിക്കുന്നത്. കൃഷിക്കാരെ സംരക്ഷിക്കുന്നതിൽ കേന്ദ്ര-കേരള ഗവൺമെന്റുകൾ തികഞ്ഞ പരാജയമാണ്. എല്ലാ മേഖലയും കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്ന സർക്കാരിന് അരിയുടെ വില നിയന്ത്രിക്കാനാകാതെ സപ്ലൈകോ, മാവേലിസ്റ്റോർ ഇവയെല്ലാം നിർജ്ജീവമാക്കിയിരിക്കുകയാണ്. മാഫിയകൾ കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചറിയാൻ ഈ നിയമം പര്യാപ്തമാണ്. റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളുടെ കയ്യിലുള്ള ഭൂമി പിടിച്ചെടുക്കാൻ മുൻകൈ എടുക്കണം. ഏകീകൃത കാർഷിക കലണ്ടർ തയ്യാറാക്കണം. കർഷകർക്ക് പാടശേഖരങ്ങളിലെ വെള്ളം പമ്പ് ചെയ്യാനാവശ്യമായ വൈദ്യുതി അനുവദിക്കണം.

ശ്രീ. ബെന്നി ബെഹനാൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കടങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കാർഷിക വിളകൾക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം കാണാനുള്ള വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. കടാശ്വാസ കമ്മീഷന് മുമ്പിൽ വന്ന ഒരു ലക്ഷം അപേക്ഷകൾ മാത്രമാണ് ഇനി പരിശോ

ധിക്കാനുള്ളത്. കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കണം. വായ്പത്തുക അടച്ചുകഴിഞ്ഞാൽ ഉടൻ പണയാധാരം തിരിച്ചുകിട്ടുന്ന രീതിയിലുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഷെഡ്യൂൾഡ് ബാങ്കിൽനിന്നും ദേശസാത്കൃത ബാങ്കിൽനിന്നും കടമെടുക്കുന്ന കർഷകനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ബഡ്ജറ്റിൽ നീക്കിവച്ച തുക പൂർണ്ണമായും കടാശ്വാസ കമ്മീഷന് നൽകാൻ കഴിഞ്ഞതിൽ സർക്കാരിന് അഭിമാനിക്കാവുന്നതാണ്. കാർഷികരംഗത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കാർഷികകടങ്ങളും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത് പ്രാബല്യത്തിൽ വരുന്നതോടുകൂടി സർക്കാരിന് വീണ്ടും നിയമഭേദഗതി വരുത്താതെതന്നെ ഏതെങ്കിലും ദുരന്ത ബാധിതപ്രദേശത്തെയോ ഒരു നിശ്ചിത തീയതിവരെയുള്ള കടബാദ്ധ്യത കളെയോ ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടു വരാൻ സാധിക്കും.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

105 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എഴുപതോളം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുണ്ട്. 2012 മെയ് 26-ാം തീയതി മുതൽ ഈ നിയമത്തിന് പ്രാബല്യം വരുമെങ്കിലും കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ച സ്ഥലത്തെ കർഷകർക്ക് മാത്രം നഷ്ടപരിഹാരം കൊടുക്കാമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വിളനാശം, വരൾച്ച എന്നിവയുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ലാത്തത് ഈ ബില്ലിന്റെ പോരായ്മയാണ്. കൃഷിക്കാർക്ക് നൽകേണ്ട ആശ്വാസ നടപടി യഥാസമയം നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

**മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : "മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതും ജനവാസം പല മേഖലകളിലും അസാധ്യമാക്കുന്നതു മാണ്. ഈ വിഷയം സഭ ചർച്ച ചെയ്യണം'' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 2010 ഫെബ്രുവരി മാസത്തിൽ കേന്ദ്ര പരിസ്ഥിതി വകുപ്പ് നിയോഗിച്ച മാധവ് ഗാഡ്ഗിൽ ചെയർമാനായ സമി തിയുടെ റിപ്പോർട്ടിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പഠിക്കാനും വിലയിരു ത്താനും പശ്ചിമഘട്ട സംസ്ഥാനങ്ങളെ സംബന്ധിച്ച പ്രവർത്തനരേഖ തയ്യാറാ ക്കാനും കേന്ദ്ര ഗവൺമെന്റ് 2012 ആഗസ്റ്റ് 17-ന് നിയോഗിച്ച ഡോ. കസ്തൂരിരംഗൻ ചെയർമാനായ ഒമ്പതംഗ കമ്മിറ്റിക്ക് നാല് മാസത്തെ കാലാ വധി നൽകിയിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി ഗവൺമെന്റുമായോ മറ്റേതെങ്കിലും സമിതിയുമായോ ചർച്ച നടത്തിയിട്ടുണ്ടോ എന്നകാര്യം സഭയ്ക്ക് അറിയേണ്ടതുണ്ട്. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യമുള്ളതാണ്. 42 താലൂക്കുകളെ വിവിധ സോണുകളിലായിപ്പെടുത്തി പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ 14 താലൂക്കുകളെ അതിലോല പ്രദേശങ്ങളായി ഉൾപ്പെടുത്തിയിരിക്കുകയാണ്. ആലപ്പുഴ ജില്ലയൊഴികെ 13

ജില്ലകളിൽ ഈ റിപ്പോർട്ട് ഏറ്റക്കുറച്ചിലോടുകൂടി ബാധകമാകും. പരിസ്ഥിതി സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കി യാൽ പശ്ചിമഘട്ട സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി എന്ന മറ്റൊരു അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയാൽ ഗവൺമെന്റിനുമുകളിൽ മറ്റൊരു ഉപരി ഗവൺമെന്റ് രൂപം കൊള്ളുന്ന സ്ഥിതിവിശേഷമുണ്ടാകും. പശ്ചിമഘട്ട പരിസ്ഥിതി പ്രാധാന്യമനുസരിച്ച് മൂന്നുതരം മേഖലകളായി തിരിച്ചതിലാണ് ഏറ്റവും വലിയ അശാസ്ത്രീയത ഉണ്ടായിരിക്കുന്നത്. താലൂക്ക് അടിസ്ഥാന ത്തിൽ വിഭജിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണ് യഥാർത്ഥത്തിൽ ഇതിന്റെ നടത്തിപ്പിൽ വന്നുചേരാൻ പോകുന്ന പ്രധാനപ്പെട്ട പ്രതിബന്ധം. Ecologically Sensitive Zone (ESZ)-ൽപ്പെടുന്ന മേഖലയ്ക്ക് അതീവ പരിസ്ഥിതി പ്രാധാന്യം നൽകിയിട്ടുണ്ട്. സോൺ (1)-ൽപ്പെടുന്ന മേഖലകളിൽ വികസനത്തിനുപകരം പരിസ്ഥിതി സംരക്ഷണത്തിനാണ് മുൻതൂക്കം കൊടു ത്തിരിക്കുന്നത്. നിലവിലുള്ള ദേശീയ ഉദ്യാനങ്ങളും വന്യജീവി സങ്കേത ങ്ങളും അതിന് ചുറ്റുമുള്ള ബഫർ മേഖലകളും ഇതിന്റെ പരിധിയിൽ ഉൾപ്പെ ടുത്തിയിരിക്കുകയാണ്. എന്നാൽ രണ്ടാമത്തെ സോണിൽ ചില നിയന്ത്രണ ങ്ങളോടുകൂടിയ വികസന പ്രവർത്തനമാകാമെന്നും മൂന്നാമത്തെ സോണിൽ നിയന്ത്രണങ്ങളോടുകൂടിയ വികസനപ്രവർത്തനമാകാമെന്നുമാണ് പറഞ്ഞിട്ടു ള്ളത്. ഇടുക്കി ജില്ല സമ്പൂർണ്ണമായും വയനാട് ജില്ലയിലെ മൂന്ന് താലൂക്കുകളും റാന്നി, തലശ്ശേരി, പുനലൂർ, മണ്ണാർക്കാട്, ചിറ്റൂർ, നെടുമങ്ങാട്, ഇരിങ്ങാലക്കുട എന്നീ താലൂക്കുകളും സോൺ 1-ൽ ഉൾപ്പെടുന്നതാണ്. വനമുള്ള പ്രദേശത്തെ വാർഡുകൾ സോണിൽപ്പെടുത്തുന്നതിനുപകരം

താലൂക്ക് മൊത്തമായി സോണിൽ ഉൾപ്പെടുത്തിയതാണ് ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ വന്നുചേർന്നിട്ടുള്ള ഏറ്റവും ഗുരുതരമായ പ്രശ്നം. ജനവാസം പ്രകൃതിക്ക് നിരക്കാത്തതാണ് എന്ന കാഴ്ചപ്പാടാണ് പ്രധാനമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിനനുകൂലമായി സമിതി ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങളോട് യോജിക്കുന്നു. അത് എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. എന്നാൽ യാതൊരു വികസനപ്രവർത്തനവും പാടില്ലെന്ന നിർദ്ദേശത്തോട് യോജിക്കാൻ കഴിയില്ല. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സമീപനം വിപത്തുകൾ ഉണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. നിലവിലുള്ള നിയമങ്ങൾക്കകത്തുനിന്നുകൊണ്ട് പരിസ്ഥിതി സംരക്ഷണം സാധ്യമാക്കാൻ മുൻകയ്യെടുക്കണം. ഈ റിപ്പോർട്ട് അതേപടി നടപ്പിലാക്കുകയാണെങ്കിൽ പുതിയ ജലവൈദ്യുത പദ്ധതികൾ സാധ്യമാകാതെയും നിലവിലുള്ള ജലവൈദ്യുത പദ്ധതികളും ഡാമുകളും ഡീ-കമ്മീഷൻ ചെയ്യേണ്ടതായും വരും. ഇത് സംബന്ധിച്ച് മലയോര മേഖലകളിൽ ആശങ്ക ഉയർന്നുവന്നിരിക്കുകയാണ്. വന്യജീവികളുടെ ആവാസം സുഗമമാക്കാനുള്ള നിർദ്ദേശം പ്രായോഗികമാക്കുമ്പോൾ പല പ്രദേശങ്ങളിലും മനുഷ്യവാസം അസാധ്യമാകുന്ന സ്ഥിതി സംജാതമാകും. മലയോര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ സംശയം ദൂരീകരിക്കത്തവിധത്തിലുള്ള സമീപനം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കോസ്റ്റൽ റെഗുലേഷൻ സോൺ വന്നപ്പോൾത്തന്നെ തീരപ്രദേശങ്ങളിൽ യാതൊരു വികസന പദ്ധതികളും നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിയാണ് വന്നുചേർന്നിട്ടുള്ളത്. ഇക്കോളജിക്കലി സെൻസിറ്റീവ് സോണിൽ കേരളത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളുംകൂടി ഉൾപ്പെടുന്ന സ്ഥിതി വന്നുചേർന്നാൽ വികസനം ഇല്ലാതെയാകും. മാധവ് ഗാഡ്ഗിൽ

റിപ്പോർട്ടിൽ പരിസ്ഥിതിക്ക് പ്രതികൂലമായതെന്തോ ഉൾപ്പെട്ടിട്ടുണ്ടെന്ന് പ്രചരിപ്പിച്ച് ദുരൂഹമായ രീതിയിൽ കൈകാര്യം ചെയ്തതാണ് പ്രതിഷേധത്തിന് ഇടയാക്കിയിട്ടുള്ളത്. ഈ റിപ്പോർട്ടിലെ നിർദ്ദേങ്ങൾ സംബന്ധിച്ച് സർവ്വകക്ഷിയോഗം വിളിക്കാനും ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാനും അത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും തയ്യാറാകണം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഫലത്തിൽ കേരളത്തിന്റെ കാർഷിക അടിത്തറ തകർക്കാനും കർഷകനെ അവന്റെ ഭൂമിയിൽനിന്ന് ആട്ടിയോടിക്കുന്ന അവസ്ഥയിലേയ്ക്കുമാണ് എത്തിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയ ഭേദമെന്യേ ഒരു അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരേണ്ടതുണ്ട്. പശ്ചിമഘട്ടത്തിലെ 39 കേന്ദ്രങ്ങളെ ലോക പൈതൃക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിൽ 19 കേന്ദ്രങ്ങൾ കേരളത്തിലാണ്. ഗാഡ്ഗിൽ റിപ്പോർട്ടിൽ ബഫർ സോണായി പരാമർശിക്കുന്ന പ്രദേശങ്ങളെല്ലാം ജനനിബിഡമായ കാർഷിക മേഖലകളാണ്. ആറ് സംസ്ഥാനങ്ങളിൽനിന്ന് ഇതിനെതിരായി അതിശക്തമായ എതിർപ്പ് ഉയർന്നുവന്നതിനെത്തുടർന്ന് ഡോ. കസ്തൂരിരംഗൻ ചെയർമാനായ സമിതിയെ റിപ്പോർട്ട് അവലോകനത്തിനായി നിയമിച്ചു. അധിവസിക്കുന്ന ഭൂമി ഉപേക്ഷിച്ച് പോകേണ്ടി വരുമോ എന്ന കടുത്ത ആശങ്കയിലാണ് ജനങ്ങൾ. നിസ്സാരമായി തോന്നുന്ന നിയമങ്ങൾ ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവ ഭാവിയിൽ ദോഷകരമായി ബാധിക്കും. ആറ് സംസ്ഥാനങ്ങളിലെ ജനങ്ങൾ നിലനിൽപ്പിനും അതിജീവനത്തിനുമുള്ള പോരാട്ടത്തിൽ വലിയ പ്രക്ഷോഭത്തിലേയ്ക്കും ഭരണകൂടങ്ങളുമായുള്ള ഏറ്റുമുട്ടലുകളിലേയ്ക്കും നീങ്ങാൻ സാധ്യതയുണ്ട്. ഗാഡ്ഗിൽ കമ്മിറ്റിയുടെ നിയമന ഉത്തരവിൽ പറയുന്നത് ബന്ധപ്പെട്ട മേഖലയിലെ പഞ്ചായത്ത് മുതൽ പാർലമെന്റ് വരെയുള്ള ജനപ്ര

തിനിധികളും പൊതുജനങ്ങളും കർഷക സംഘടനകളുമായും ചർച്ച ചെയ്തു വേണം റിപ്പോർട്ട് സമർപ്പിക്കാനെന്നാണ്. കേരളത്തിലെ പരിസ്ഥിതി സംഘടനകൾ പലതും കടല്ലാസ് സംഘടനകളും വിദേശ ഫണ്ട് സംഘടിപ്പിക്കാനായി രൂപം കൊടുത്തതുമാണ്. പരിസ്ഥിതി സംഘടനകളുടെ പ്രവർത്തനത്തിലുള്ള ദുരൂഹതയെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്ത് ഹൈറേഞ്ച് മേഖലയിൽ അധിവസിക്കുന്ന കർഷകർക്കെതിരായ നിലപാട് അംഗീകരിക്കാൻ കഴിയില്ല. ഈ നൂറ്റാണ്ടിൽ ജീവിക്കുന്നവർക്ക് തലചായ്ക്കാനിടം നൽകാതെ സഹസ്രാബ്ദങ്ങൾക്കുശേഷമുള്ള തലമുറയെപ്പറ്റി ആധികൊള്ളുന്നത് നിരർത്ഥകമാണ്. പുഴയും മലയും ജൈവവൈവിധ്യങ്ങളും കാത്തുസൂക്ഷിക്കുന്നതോടൊപ്പം കർഷകരും സംരക്ഷിക്കപ്പെടണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> ഒരു പരിസ്ഥിതി സ്നേഹിയുടെ വീക്ഷണത്തിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ശരിയാണെങ്കിലും സമൂഹമെന്നു പറയുന്നത് ജീവിതവും വികസനവുമായി ബന്ധപ്പെട്ടതായതുകൊണ്ട് സാമൂഹികമായ ഉത്തരവാദിത്തം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കാണ്. പശ്ചിമഘട്ടത്തിന്റെ സംസ്ഥാന മേഖല കൃഷിയും മറ്റുകാര്യങ്ങളുമുള്ള ജനനിബിഡ മേഖലയായതുകൊണ്ട് മറ്റുസംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന ജനപക്ഷ നടപടിയേക്കാൾ കൂടുതൽ ഉത്തരവാദിത്തം വേണ്ടത് കേരള സർക്കാരിനാണ്. ഈ റിപ്പോർട്ട് ചർച്ചയ്ക്കുവയ്ക്കേണ്ടത് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മറ്റു പ്രാദേശിക സർക്കാരുകളുടേയും മുമ്പിലാണ്. സംസ്ഥാനത്ത് പരാശ്രയമില്ലാതെ ലഭ്യമാകുന്നത് ശുദ്ധ ജലം ആണെന്നിരിക്കെ പശ്ചിമ ഘട്ടം തകരാറിലായാൽ നാലഞ്ച് വർഷത്തിനകം കേരളം ശുദ്ധജലം കിട്ടാത്ത സംസ്ഥാനമായി മാറുമെന്നുള്ളതുകൊണ്ട് കേന്ദ്ര സർക്കാരിനോട് ഇക്കാര്യങ്ങൾ ഉന്നയി

ക്കണം. പശ്ചിമഘട്ടമേഖല പ്ലാസ്റ്റിക് വിമുക്തമാക്കി സംരക്ഷിക്കപ്പെടാൻ നടപടികൾ സ്വീകരിക്കണം. വയനാട്, ഇടുക്കി ജില്ലകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. റിപ്പോർട്ടിലെ സ്വീകാര്യമായ വ്യവസ്ഥകൾ സ്വീകരിക്കുന്നതിനും പ്രയാസമുണ്ടാക്കുന്ന കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും കഴിയണം. ഡാമുകൾ ഡീ-കമ്മീഷൻ ചെയ്യണമെന്ന മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശ അംഗീകരിക്കാൻ സാധിക്കില്ല. കേരളത്തിലെ ജലത്തേയും കൃഷിയേയും ഭാവിജീവിതത്തേയും സംരക്ഷിക്കാവുന്ന തരത്തിൽ ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഈ റിപ്പോർട്ട് സംബന്ധിച്ച് നിയമസഭാ കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആശങ്കകളും അഭിപ്രായങ്ങളും കസ്തൂരി രംഗൻ കമ്മിറ്റിക്കു മുൻപിൽ അവതരിപ്പിച്ച് ബോധ്യപ്പെടുത്തണം.

ശ്രീ. ടി.എ. അഹ്മദ് കബീർ: മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിന്മേലുള്ള ജനങ്ങളുടെ ആശങ്ക അകറ്റി കേരളത്തിന് ദോഷകരമാകാത്ത വിധത്തിൽ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കണം. പശ്ചിമഘട്ട മലയോര കർഷകരെയും അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയും സംരക്ഷിക്കണം. ബഫർ സോൺ പ്രഖ്യാപിച്ചിരിക്കുന്നത് സംബന്ധിച്ച് ബയോഡൈവേഴ്സിറ്റി മേഖലയിലെ വിദഗ്ദ്ധരുമായി ചർച്ച നടത്തണം. പൊതുഭൂമി സ്വകാര്യവ്യക്തിക്ക് കൊടുക്കരുതെന്ന നിർദ്ദേശവും ഭൂരഹിത കേരളമെന്ന ലക്ഷ്യം കൈവരിക്കാൻ ഈ റിപ്പോർട്ടിനെ എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ചും പരിശോധിക്കണം. കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ നിയോഗിക്കുന്ന റെഗുലേറ്ററി അതോറിറ്റിയുടെ ഘടന സംബന്ധിച്ച് ശുപാർശ ചെയ്യണം. പശ്ചിമഘട്ട മേഖലയിൽ റെയിൽവേ ലൈൻ ഉണ്ടാക്കാൻ അനുവദിക്കില്ലെന്ന നിർദ്ദേശം അംഗീകരിക്കാവുന്നതല്ല. പശ്ചിമഘട്ട

മലനിരയുടെയും മലയോര കർഷകരുടെയും സംരക്ഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ഇന്ന് സമൂഹം നേരിടുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനം പരിസ്ഥിതി സംബന്ധിച്ചുള്ളതാണ്. ഭാവിതലമുറയ്ക്കുവേണ്ടി പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചുമതല ജനപ്രതിനിധികൾക്കും ഭരണകൂടത്തിനുമുണ്ട്. പരിസ്ഥിതി നാശംമൂലമുണ്ടാകുന്ന സാമ്പത്തികത്തകർച്ച മറ്റ് തകർച്ചകളേക്കാൾ ഭീമവും അനിയന്ത്രിതവുമായിരിക്കും. മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളും സോണുകളുടെ കാറ്റഗറൈസേഷനും ശരിയായ രീതിയിലല്ല. അടിസ്ഥാനസൗകര്യ വികസനത്തെയും ജനവാസ കേന്ദ്രങ്ങളെയും അവഗണിച്ചുകൊണ്ടുള്ള നിയന്ത്രണങ്ങൾ അഭികാമ്യമല്ല. എന്നാൽ ജനിതകമാറ്റം വരുത്തിയ വിളകൾ നിയന്ത്രിക്കുന്ന കാര്യത്തിലും പരിസ്ഥിതി സംരക്ഷണം ജനകീയമാക്കുന്ന കാര്യത്തിലും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. കേരളത്തിലെ കർഷകർ ഉൾപ്പെടെയുള്ളവരുടെ അതിജീവനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സമചിത്തതയോടുകൂടിയ തീരുമാനങ്ങളായിരിക്കണം നടപ്പിലാക്കേണ്ടത്.

ശ്രീ. റോഷി അഗസ്റ്റിൻ: മുല്ലപ്പെരിയാർ, ഇക്കോളജിക്കലി ഫ്രൈജൽ ലാന്റ്, കാർഡമം ഹിൽ റിസർവ്വ് തുടങ്ങി നിരവധി പ്രശ്നങ്ങൾ നേരിടുന്ന ഇടുക്കി ജില്ലയിലെ ജനങ്ങളെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കൂടുതൽ ആശങ്കാകുലരാക്കിയിരിക്കുന്നു. കമ്മിറ്റി മതിയായ പഠനങ്ങൾ നടത്താതെ സോണുകൾ നിശ്ചയിച്ചിരിക്കുന്നതിൽ വളരെയേറെ അപാകതകളുണ്ട്. ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ സ്കീമുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടുകൂടി കുടിയേറിപ്പാർത്ത ഇടു

ക്കിയിലെ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കണം. പരിസ്ഥിതി സംരക്ഷണ നടപടികൾ സ്വീകരിക്കുമ്പോൾ ഇടുക്കിയിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകണം.

ശ്രീ. എ. കെ. ബാലൻ: മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശാസ്ത്രീയമായതും പ്രായോഗികമായതും കേരളത്തിന്റെ താത്പര്യങ്ങളെ സംരക്ഷിക്കുന്നതുമായ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. അതിരപ്പിള്ളി ജല വൈദ്യുത പദ്ധതിക്ക് ലഭിച്ച വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി റദ്ദ് ചെയ്യുന്നതിന് അന്നത്തെ വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുടെ തീരുമാനത്തിന്റെ തുടർച്ചയായിട്ടാണ് ഗാഡ്ഗിൽ കമ്മിറ്റി രൂപം കൊണ്ടത്. കേരളത്തിലെ മുഴുവൻ ഊർജ്ജ സാദ്ധ്യതകളെയും ഈ റിപ്പോർട്ടിലെ ശുപാർശകൾ ദോഷകരമായി ബാധിക്കും. ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധ സംഘം പരിശോധിച്ചതിനുശേഷം അതിരപ്പിള്ളിയിൽ ഇക്കളോജിക്കലായി യാതൊരു പ്രശ്നവുമില്ലെന്ന റിപ്പോർട്ട് നൽകിയിട്ടുണ്ട്. മാധവ് ഗാഡ്ഗിൽ ചെയർമാനായ കമ്മിറ്റിയിൽ കേരളത്തിൽനിന്നും ജൈവ വൈവിദ്ധ്യ ബോർഡിന്റെ മുൻ ചെയർമാനായ ഡോ. വിജയനേയും മെമ്പറായും ക്ഷണിതാവായി ചാലക്കുടിപ്പുഴ സംരക്ഷണ സമിതി പ്രവർത്തകയായ ഡോ. ലതയേയുമാണ് നിയമിച്ചിട്ടുള്ളത്. ഈ പദ്ധതിയെ ആരംഭം മുതൽ എതിർത്ത ഇവർ അടങ്ങുന്ന സമിതി കേരളത്തിനെതിരായിട്ട് മാത്രമേ വിധി എഴുതുകയുള്ളൂ. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കേരളത്തിന്റെ ഊർജ്ജപദ്ധതികൾക്ക് അന്ത്യം കുറിക്കുന്നതാണ്. അപൂർണ്ണമായ ശാസ്ത്രീയ വെളിപ്പെടുത്തലുകൾ അടങ്ങിയതാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. കേരളത്തിൽ അതിരപ്പിള്ളി മാത്രം സന്ദർശിച്ചതിനുശേഷം 36 താലൂക്കുകളും 80 ബ്ലോക്ക് പഞ്ചായത്തുകളും

546 ഗ്രാമ പഞ്ചായത്തുകളും പാരിസ്ഥിതിക ദുർബല പ്രദേശമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത് ഏത് മാനദണ്ഡമനുസരിച്ചാണെന്ന് വ്യക്തമല്ല. പരിസ്ഥിതി സംരക്ഷിക്കാൻ വേണ്ടത്ര നിയമങ്ങളുള്ള കേരളത്തിൽ വെസ്റ്റേൺ ഗാട്ട് എക്കോളജിക്കൽ അതോറിറ്റിക്ക് രൂപം കൊടുക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കണം. കേരളത്തിലെ ഭൂമിയുടെ 30 ശതമാനം മാത്രമാണ് വിവിധ സോണുകളിൽ ഉൾപ്പെടുത്താതെയുള്ളതെന്നത് കണ്ടില്ലെന്ന് നടിക്കരുത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തിലെ വ്യവസായം, കൃഷി, പശ്ചാത്തലവികസനം എന്നിവ സ്തംഭിക്കും.

<u>ശ്രീ. എ. എ. അസീസ്</u> : മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ പരിസ്ഥിതി സംരക്ഷണത്തിന് നിരവധി നിർദ്ദേശങ്ങൾ നൽകുമ്പോൾ അവിടെ ജീവിക്കുന്ന ജനങ്ങളെ പൂർണ്ണമായും വിസ്മരിക്കുകയാണ്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുമ്പ് ജനപ്രതിനിധികളുമായോ കർഷക സംഘടനാ പ്രതിനിധികളുമായോ ചർച്ച ചെയ്തിട്ടില്ല. ഇടുക്കി, വയനാട് ജില്ലകളിലെ ഏഴ് പഞ്ചായത്തിലെ ജനങ്ങൾക്ക് വസ്തു കൈമാറ്റം ചെയ്യാനോ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനോ കഴിയാതെ വരും. കൃഷിയെ തകർക്കുന്നതും വികസനത്തെ ഇല്ലായ്മ ചെയ്യുന്നതും കേരളത്തെ വൈദ്യുതി പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നതുമായ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്. ഈ റിപ്പോർട്ട് സഭ തള്ളിക്കളയണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ടി.എൻ.പ്രതാപൻ</u> : മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പശ്ചിമഘട്ട പ്രദേശത്തെ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയിരിക്കുന്ന ആശങ്കയും ഭയവും ഇല്ലാതാക്കേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട്. ഭൂമിയിലെ 35 ജൈവ വൈവിദ്ധ്യ ഹോട്ട് സ്പോട്ടുകളിൽ ഒന്നാണ് പശ്ചിമഘട്ടം. ഗുജറാത്ത്, മഹാ

രാഷ്ട്ര, ഗോവ, കർണ്ണാടകം, തമിഴ്നാട്, കേരളം എന്നീ ആറ് സംസ്ഥാന ങ്ങളിലെ 25 കോടിയോളം ജനങ്ങൾ ഈ മേഖലയിൽ അധിവസിക്കുന്നുണ്ട്. പാരിസ്ഥിതിക സുസ്ഥിരത ഉറപ്പ് വരുത്തിക്കൊണ്ടുള്ള ഉപജീവനം പ്രോൽസാഹിപ്പിക്കുന്നതിന് ഓരോ പ്രദേശത്തിന്റെയും സാധ്യതകൾ കണ്ടെ ത്തുന്നതിനുള്ള ശാസ്ത്രീയമായ പഠനമാണ് റിപ്പോർട്ടിലുള്ളത്. ഏതെങ്കിലും താലൂക്ക് പരിസ്ഥിതിലോലം എന്ന് പറഞ്ഞാൽ ആ താലൂക്ക് മുഴുവൻ പ്രസ്തുത മേഖലയാണെന്ന് അർത്ഥമില്ല. പരിസ്ഥിതി പ്രാധാന്യ സ്ഥലങ്ങൾ ഇപ്പോൾ അടയാളപ്പെടുത്തിയിരിക്കുന്നത് പുന:പരിശോധിക്കാമെന്ന് റിപ്പോർട്ടിൽ തന്നെ പറഞ്ഞിട്ടുണ്ട്. 25 താലൂക്കുകളിലായി ആകെ 18 പരി സ്ഥിതി പ്രധാന്യമുള്ള സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. പശ്ചിമഘട്ടത്തിൽ ജനിതക മാറ്റം വരുത്തിയ വിളകൾ പാടില്ലെന്നും പ്ലാസ്റ്റിക്ക് ഘട്ടംഘട്ടമായി ഒഴിവാക്കണമെന്നും പ്രത്യേക സാമ്പത്തിക മേഖലയനുവദിക്കാൻ പാടി ല്ലെന്നും പൊതു ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യ ഭൂമിയാക്കരുതെന്നും വന ഭൂമി വനേതര ആവശ്യങ്ങൾക്കും കൃഷിഭൂമി കാർഷികേതര ആവശ്യ ങ്ങൾക്കും വകമാറ്റരുതെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. വികസനം കൊണ്ടുവരുന്നതിനോ വീടുകൾ വയ്ക്കുന്നതിനോ നിയന്ത്രണമില്ല. നിയമവി രുദ്ധ ഖനനം അടിയന്തിരമായി നിർത്തലാക്കുന്നതോടൊപ്പം കർഷകർ സംര ക്ഷിക്കപ്പെടുകയും വേണം. പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ ഗ്രൗണ്ട് ചെക്കിംഗ് നടത്തി ബൗണ്ടറികൾ പുനർനിർണ്ണയിച്ച് സോണിംഗിലുണ്ടായിരി ക്കുന്ന അപാകതകൾ പരിഹരിക്കണം. റിപ്പോർട്ടിലെ അപ്രായോഗികവും ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതുമായ പരാമർശങ്ങൾ ഒഴിവാ ക്കുന്നതിനും പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: വനമേഖലയിലും കൃഷിസ്ഥലങ്ങളിലും യാതൊരുവിധ മാറ്റവും പാടില്ലെന്ന ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ നടപ്പാക്കിയാൽ ഈ മേഖലയിൽ പട്ടയങ്ങൾ നൽകാനോ വീട് നിർമ്മിക്കാനോ ശബരിമലയിലേയും അനുബന്ധ പ്രദേശങ്ങളിലേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനോ സാധിക്കുകയില്ല. കാലാവധി കഴിഞ്ഞ ഡാമുകളും താപനിലയങ്ങളും ഡീ-കമ്മീഷൻ ചെയ്യണമെന്ന നിർദ്ദേശം അപ്രായോഗികമാണ്. 30 ശതമാനത്തിലധികം ചരിവുള്ള പ്രദേശ ങ്ങളിൽ കാർഷിക വിളകൾ ഒഴിവാക്കണമെന്നും നദികളിലും അവയുടെ കൈവഴികളിലും യാതൊരുവിധ നിർമ്മാണവും പാടില്ലെന്നുമുള്ള പരാ മർശവും അശാസ്ത്രീയമാണ്. 633 പഞ്ചായത്തുകളിൽ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ഈ റിപ്പോർട്ടിലെ ശുപാർശകൾ ഗൗരവമായി പരിശോധിക്കപ്പെടണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള ചർച്ചയാണ് ഇവിടെ നടന്നത്. പശ്ചിമ ഘട്ടം ആറ് സംസ്ഥാനങ്ങളിൽ ഉൾപ്പെടുന്ന പ്രദേശമാണ്. അവിടെയുള്ള വിലപ്പെട്ട സസ്യങ്ങളും കാടും കാട്ടുമൃഗങ്ങളുമെല്ലാം സംരക്ഷിക്കപ്പെടേണ്ട താണ്. വനം, വന്യജീവി, ഇവ സംരക്ഷിക്കുന്ന കാര്യത്തിൽ പുരോഗതി കൈവരിച്ചതുപോലെ പരിസ്ഥിതി രംഗത്തും കേരളം മുന്നിൽ വരേണ്ടതുണ്ട്. കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ തന്നെ എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും അഭിപ്രായം ആരാഞ്ഞശേഷം ഗവൺമെന്റിന്റെ പ്രതികരണം അറിയി ക്കുകയും വീണ്ടും ഹിയറിംഗ് ആവശ്യപ്പെട്ടുകൊണ്ട് കത്തയക്കുകയും ചെയ്തു. ആറ് സംസ്ഥാനങ്ങൾ ഒരുപോലെ റിപ്പോർട്ടിനെ എതിർത്തതിനെ ത്തുടർന്ന് ശ്രീ. കസ്തൂരി രംഗന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ കേന്ദ്ര

ഗവൺമെന്റ് ചുമതലപ്പെടുത്തി. ഇവിടെ സംസാരിച്ച എല്ലാപേരുടേയും അഭിപ്രായം മൊത്തമായി പരിശോധിച്ചാൽ മാത്രമേ ഒരു നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളു. ഈ കേസ് ഇനി വരുന്ന സന്ദർഭത്തിൽ ഗവൺമെന്റും കക്ഷിചേരുമെന്ന നിലപാട് ഡൽഹിയിലെ അഡ്വക്കേറ്റ്സിന് കൊടുത്തിട്ടുണ്ട്. പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പം മണ്ണിൽ അധ്വാനിക്കുന്ന കർഷകനോ പൊതുജനങ്ങൾക്കോ ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിലാകില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കുകയാണ്. പഞ്ചിമഘട്ട വികസനത്തോടൊപ്പം ജനങ്ങളുടെ താൽപര്യങ്ങളും സംരക്ഷിക്കാൻ സാധിക്കുമെന്ന് ഗവൺമെന്റിന് വിശ്വാസ മുണ്ട്. ഇക്കാര്യത്തിൽ ഏത് വിധത്തിലുള്ള ചർച്ചക്കും ഗവൺമെന്റ് തയ്യാറാണ്. ചർച്ചയുടെ പൊതുവായ സ്വഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിക്കുകയാണ്.

" മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ജനങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന ആശങ്ക ഈ സഭ ഉൾക്കൊള്ളുന്നു. പരിസ്ഥിതി-വനം സംരക്ഷണത്തിന്റെ പ്രസക്തി പൂർണ്ണമായും അംഗീകരിക്കുന്നതോടൊപ്പം ജനജീവിതവും നാടിന്റെ വികസന ആവശ്യങ്ങളും കൂടി സമന്വയിപ്പിച്ച്കൊണ്ട് പ്രായോഗിക മായ ഒരു സമീപനം രൂപീകരിക്കണമെന്ന് സഭ അഭിപ്രായപ്പെടുന്നു. പ്രകൃതി സംരക്ഷണവും നാടിന്റെ വികസന ആവശ്യങ്ങളും പരസ്പര പൂരകമായി പോകുന്നതാണ് ഏറ്റവും അഭികാമ്യമായ സാഹചര്യം. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ അപ്രായോഗികമായ ശുപാർശകൾ അംഗീകരിക്കരു തെന്നും പരിസ്ഥിതി-വനമേഖലകളിലെ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ ജനപങ്കാളിത്തത്തോടുകൂടി സമഗ്രമായ ചർച്ചകൾക്കുശേഷമേ നടപ്പിലാ

ക്കാവൂ എന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് ഐകകണ്ഠ്യേന ആഭ്യർത്ഥിക്കുന്നു."

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി.

സഭ രാത്രി 9.28-ന് പിരിഞ്ഞു.

**********